# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മേയ് 16 | ദീപം 57 | നാളം 10 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ജനാധിപത്യത്തിന്റെ കാവൽഗോപുരത്തിന് അടിത്തറയിളകുന്നുവോ?



അനിൽ ജെ. തയ്യിൽ

"നമ്മുടെ സ്വാതന്ത്ര്യം മാധ്യമസ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കുന്നു. അതു പരിമിതപ്പെടുത്താനാവില്ല." - തോമസ് ജഫേഴ്സൺ.

മെയ് മൂന്നിന് ഒരു പത്രസ്വാതന്ത്ര്യദിനം കൂടി കടന്നുപോയി. 1993 ൽ യു.എൻ. ജനറൽ അസംബ്ലി പത്രസ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുകയും മാധ്യമസ്വാതന്ത്ര്യത്തിനു നേർക്കുള്ള ആക്രമണങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ ദിനം മാധ്യമപ്രവർത്തകർ ഇന്ന് അഭിമാനത്തോടെ നെഞ്ചേറ്റുന്നു. ഏതൊരു ജനാധിപത്യരാജ്യത്തിന്റെയും അടിസ്ഥാനശിലയാണ് സ്വതന്ത്രമായ മാധ്യമങ്ങൾ. അതില്ലെങ്കിൽ ജനാധിപത്യത്തിന്റെ അടിത്തറ തകരുന്നതിനൊപ്പം ജനങ്ങൾ നിശ്ശബ്ദരാക്കപ്പെടുകയും ചെയ്യും. ഈയൊരു കാഴ്ചപ്പാടിൽ സ്വതന്ത്ര ജനാധിപത്യ ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത്ര ശുഭദായകമായ ഒരു മാധ്യമ ആവാസവ്യവസ്ഥയല്ല നിലവിലുള്ളത്.

രാജ്യാന്തര മാധ്യമനിരീക്ഷണ ഏജൻസിയായ ആർ.ഡബ്ല്യു.ബി (റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ്) തയ്യാറാക്കിയ 2023 ലെ ലോകമാധ്യമസ്വാതന്ത്ര്യസൂചികയിൽ 180 രാഷ്ട്രങ്ങളുടെ പട്ടികയിൽ 161-ാം സ്ഥാനത്താണ് ഇന്ത്യ. ഇത് നടുക്കുന്നതുതന്നെയാണ്. പാക്കിസ്ഥാൻ 150-ാമതും അഫ്ഗാനിസ്ഥാൻ 152-ാമതും സ്ഥാനത്താണ് എന്നതു മനസ്സിലാക്കുമ്പോഴാണ് നമ്മൾ നിൽക്കുന്ന തീരം എത്രത്തോളം അപകടം നിറഞ്ഞതാണെന്നു നാം തിരിച്ചറിയുന്നത്. ഒന്നാം സ്ഥാനം നോർവേയും 180-ാം സ്ഥാനത്ത് സ്വാഭാവികമായും ഉത്തരകൊറിയുമാണ്.

ലോകത്തിലെ ഏറ്റവും ക്രൂരനായ സ്വേച്ഛാധിപതി ഭരിക്കുന്ന ഉത്തരകൊറിയയുമായുള്ള 19 സ്ഥാനങ്ങളുടെ വ്യത്യാസം അത്ര വലുതൊന്നുമല്ല. നരേന്ദ്രമോദി ഭരണമേറിയതിനുശേഷം 2015 ൽ 136-ാം സ്ഥാനത്തായിരുന്ന ഇന്ത്യ, എട്ടുവർഷം കൊണ്ട് 25 സ്ഥാനങ്ങൾ താഴേക്കുപോയി 161 ലെത്തിയെന്നത് നമ്മുടെ ഗമനം എങ്ങോട്ടാണെന്നുള്ളതിന്റെ സൂചനയാണ്.

നാല്പതുവർഷംമുമ്പത്തെ അസൂയാവഹമായ മാധ്യമസ്വാതന്ത്ര്യം ഇന്നൊരു മിത്തായി മാറിയിരിക്കുന്നു. 'അവർ കുനിയാൻ പറഞ്ഞാൽ മാധ്യമങ്ങൾ മുട്ടിലിഴയും' എന്നാണ് അടിയന്തരാവസ്ഥക്കാലത്തെ മാധ്യമസ്വാതന്ത്ര്യത്തെ ബിജെപിയുടെ ഉന്നതനേതാവായ എൽകെ അദ്വാനി വിശേഷിപ്പിച്ചത്. നരേന്ദ്രമോദി ഭരണത്തിലേറിയ 2014 മുതൽ മറ്റൊരു രീതിയിലാണ് ഈ അടിച്ചമർത്തൽ നടക്കുന്നത് എന്നുമാത്രം.

ഭരണകൂടതാത്പര്യങ്ങൾ സംരക്ഷിക്കുന്ന മാധ്യമങ്ങൾമാത്രം നിലനിൽക്കപ്പെടുന്ന അവസ്ഥ രാജ്യത്തു സംജാതമായതോടെ സത്യം പറയുന്നവരുടെ നിലനില്പ് അപകടത്തിലായി. വാർത്തകൾ ഉത്പന്നമായി മാറുകയും കച്ചവടതാത്പര്യങ്ങൾ സുരക്ഷിതമാക്കുന്ന മാധ്യമപ്രവർത്തകർമാത്രം ന്യൂസ് റൂമിൽ നിലനിൽക്കപ്പെടുകയും ചെയ്യുന്നതാണ് അവസ്ഥ. മാധ്യമങ്ങളെ വിലയ്ക്കുവാങ്ങുന്ന കോർപ്പറേറ്റുകളും രാഷ്ട്രീയകച്ചവടതാത്പര്യങ്ങൾ വിനിയോഗിക്കുന്ന കേന്ദ്രഭരണകൂടവും സൃഷ്ടിച്ച മാറ്റങ്ങളാണവ. അഴിമതി-വർഗീയവിരുദ്ധ നിലപാടെടുക്കുന്നവർ രാജ്യദ്രോഹികളും പിന്തിരിപ്പന്മാരുമാകുന്ന വിചിത്രമായ ഒരു രാജ്യസ്നേഹം നമ്മുടെ രാജ്യത്ത് സ്ഥാപിതമായിട്ടു കുറച്ചു വർഷങ്ങളേ ആയുള്ളൂ.

സർക്കാരുകളുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജോലികൂടി ഇപ്പോൾ മുഖ്യധാരാമാധ്യമങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു. ഭരണകൂടം പറയുന്നതെന്തും അപ്പാടെ പകർത്തി പ്രസിദ്ധീകരിക്കുന്ന ഫോട്ടോസ്റ്റാറ്റ് മെഷീനുകളായി മാധ്യമങ്ങൾ മാറിയതോടെ അന്വേഷണാത്മകപത്രപ്രവർത്തനത്തിന്റെ കാലം അസ്തമിച്ചുതുടങ്ങി. ഇന്ത്യൻ മാധ്യമങ്ങൾ ഗണ്യമായ ഒരു വിഭാഗം അഴിമതി നിറഞ്ഞതും അഴിമതിക്കു വഴങ്ങുന്നവരുമാണെന്ന് 'കോബ്രപോസ്റ്റി'ന്റെ (ഇന്റർനെറ്റ് ന്യൂസ് പോർട്ടൽ) അന്വേഷണത്തിൽ കണ്ടെത്തി. പരസ്യവരുമാനത്തിനായി കണ്ണടച്ചുകൊണ്ട് വിട്ടുവീഴ്ചകൾക്കും ഒത്തുതീർപ്പിനും മാധ്യമരംഗം തയ്യാറാകുന്നു.

ഇന്ത്യയിലെ മാധ്യമരംഗം ഇങ്ങനെ തലകീഴായി മറിയാൻ എന്താവും കാരണം? ഒന്നുരണ്ട് ഉദാഹരണങ്ങൾ ശ്രദ്ധിക്കാം. എൻ.ഡി.ടി.വി, ശ്രീനിവാസൻ ജയ്ൻ എന്ന തങ്ങളുടെ പ്രഗല്ഭ റിപ്പോർട്ടറെ പുറത്താക്കിയത് അമിത്ഷായുടെ മകന് കേന്ദ്രസർക്കാർ അനധികൃതമായി നൽകിയ വായ്പയെക്കുറിച്ചു റിപ്പോർട്ട് ചെയ്തു എന്നതിനാലാണ്. കൊവിഡ് കാലത്ത് കേന്ദ്രസർക്കാർ പുലർത്തിയ നിസ്സംഗതയെ പരാമർശിച്ച് മാഗസിൻ കവർ ചിത്രീകരിച്ചതിന് ഔട്ട് ലുക്ക് മാഗസിന്റെ പ്രഗല്ഭനായ എഡിറ്റർ റൂബൻ ബാനർജിക്കു ജോലി നഷ്ടപ്പെട്ടു എന്നുമാത്രമല്ല, മറ്റൊരു മാധ്യമസ്ഥാപനവും ഭരണകൂടഭീഷണിക്കു വഴങ്ങി അദ്ദേഹത്തിനു ജോലി നൽകിയതുമില്ല. കൊവിഡ് സംബന്ധിച്ച് വിമർശനാത്മകമായ വാർത്തകൾ ചെയ്ത അമ്പതോളം മാധ്യമപ്രവർത്തകരെ അറസ്റ്റു ചെയ്യുകയുണ്ടായി.

> ഈ രാജ്യത്തു വിയോജിക്കുന്നവരോടുള്ള അസഹിഷ്ണുത കൂടിക്കൊണ്ടിരിക്കുകയും അഭിപ്രായപ്രകടനത്തിനുള്ള സാധ്യതകൾ അടഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഭരണകൂടതാത്പര്യങ്ങൾ സംരക്ഷിക്കുന്ന മാധ്യമങ്ങൾമാത്രം നിലനിൽക്കപ്പെടുന്ന അവസ്ഥ രാജ്യത്തു സംജാതമായതോടെ സത്യം പറയുന്നവരുടെ നിലനില്പ് അപകടത്തിലായി. മാധ്യമങ്ങളെ വിലയ്ക്കുവാങ്ങുന്ന കോർപ്പറേറ്റുകളും രാഷ്ട്രീയ കച്ചവട താത് പര്യങ്ങൾ വിനിയോഗിക്കുന്ന കേന്ദ്രഭരണകൂടവും സൃഷ്ടിച്ച മാറ്റങ്ങളാണവ.

അഴിമതി-വർഗീയവിരുദ്ധ നിലപാടുകളുള്ള മാധ്യമപ്രവർത്തകർ നിരന്തരം വേട്ടയാടപ്പെടുകയാണ്. ഒന്നുകിൽ കൊല്ലപ്പെടുന്നു അല്ലെങ്കിൽ ജോലി നഷ്ടപ്പെടുകയും കേസുകളാൽ വേട്ടയാടപ്പെടുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ പത്തുവർഷത്തിനിടെ, നൂറുകണക്കിനു സീനിയർ മാധ്യമപ്രവർത്തകർക്കാണു ജോലി നഷ്ടമായത്. മാധ്യമങ്ങൾക്കു നേർക്കുള്ള തുടർച്ചയായ മാനനഷ്ടക്കേസുകളും സാമ്പത്തികസമ്മർദങ്ങളുമൊക്കെ രാഷ്ട്രീയനേതൃത്വത്തിന്റെ ചൊൽപ്പടിക്കു നിൽക്കാനും അവരുടെ അപ്രീതിക്കു പാത്രമായ മാധ്യമപ്രവർത്തകരെ പുറത്താക്കാനും മാധ്യമസ്ഥാപന ഉടമകളെ നിർബന്ധിതരാക്കുന്നു. 1931 ൽ ഒരു കലാപത്തിനിടെ ബ്രിട്ടീഷ് ഗൂഢാലോചനയിൽ വധിക്കപ്പെട്ട ഗണേഷ് ശങ്കർ വിദ്യാർഥി എന്ന പത്രാധിപരിലൂടെ ഗൗരി ലങ്കേഷിലും, ധബോൾക്കറിലും, കൽബുർഗിയിലും ഒക്കെ മരണത്തിന്റെ ദൂതർ എത്തിയത് അവർ ജനാധിപത്യ പത്രപ്രവർത്തനത്തിനായി നിലകൊണ്ടതിനാലാണ്. 2017 മുതൽ 2022 വരെയുള്ള മോദിക്കാലത്ത് ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ 28 മാധ്യമപ്രവർത്തകരാണ് കൊല്ലപ്പെട്ടത്. ▶ 5

# കാരുണ്യത്തിന്റെ വഴിയിൽ

**നവതി പിന്നിട്ട പ്രശസ്ത നാടകകൃത്ത് സി.എൽ. ജോസ് സംഭവബഹുലവും അനുഗൃഹീതവുമായ തന്റെ സഫലജീവിതത്തെ ഓർത്തെടുക്കുന്നു.**

**പ**ഴയ ഒരോർമയാണ്. അനേകവർഷങ്ങൾക്കുമുമ്പ് ഞാൻ ഒന്നാംക്ലാസിൽ പഠിക്കുമ്പോൾ, ഒരു ഞായറാഴ്ച ഉച്ചതിരിഞ്ഞ് എന്റെ പിതാവിന്റെ ഇളയസഹോദരി അപ്രതീക്ഷിതമായി ഞങ്ങളുടെ വീട്ടിൽ വന്നു. കുഞ്ഞമ്മായിയെ കണ്ടപ്പോൾ ഞങ്ങൾക്ക് അളവറ്റ സന്തോഷം. വിവരമറിയിക്കാൻ നോക്കിയിട്ട് അപ്പനെ കാണുന്നില്ല. അയൽപക്കത്ത് അന്വേഷിച്ചപ്പോൾ ഒരാൾ പറഞ്ഞു,പള്ളിപ്പറമ്പിലേക്കു പോകുന്നതു കണ്ടുവെന്ന്. ഉടനെ ഞാൻ തൊട്ടുള്ള പള്ളിയിലേക്കോടി.

അക്കാലത്ത് ഉച്ചതിരിഞ്ഞു കുർബാനയില്ല. വിജനമായ ദൈവാലയം. പരിപൂർണനിശ്ശബ്ദത. ഞാൻ പള്ളിയുടെ വാതിൽക്കൽനിന്ന് എത്തിനോക്കിയപ്പോൾ അതാ അപ്പൻ മുട്ടുകുത്തി കൈകൾകൂപ്പി തിരുസക്രാരിയിൽനോക്കി പ്രാർഥിക്കുന്നു. മറ്റാരുമില്ലാത്ത സമയം നോക്കി, ഏകാന്തതയിൽ ഏകാഗ്രചിത്തനായി ആരാധന നടത്തുകയാണ്. ചെന്നു വിളിക്കാൻ ധൈര്യം വന്നില്ല. കുറച്ചുനേരം അപ്പനെ ഉറ്റുനോക്കി. കൂടുതലൊന്നും എനിക്കു മനസ്സിലായില്ല. വീട്ടിലെ ദുഃഖവും ദാരിദ്ര്യവും മാറ്റിത്തരണമേ എന്നു മുട്ടിപ്പായി പ്രാർഥിക്കുകയാണോ അപ്പൻ?

സമ്പത്തിൽ ദരിദ്രനാണെങ്കിലും ഭക്തിയിലും സൽഗുണങ്ങളിലും സമ്പന്നനായിരുന്നു എന്റെ പിതാവ്. മക്കൾ മുതിർന്നുവരുമ്പോൾ അവർക്കു പറഞ്ഞുകൊടുക്കാനായി ബൈബിളിലെ കഥകളും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും പഠിച്ചുവച്ചിരുന്നു. ഞായറാഴ്ചദിവസം സന്ധ്യാജപങ്ങളും പ്രാർഥനകളും കഴിയുമ്പോൾ അപ്പൻ ഞങ്ങൾക്കു കഥ പറഞ്ഞുതരും.

ഏറെ ക്ലേശങ്ങൾ അനുഭവിച്ചവനാണു ഞാൻ. ഇല്ലായ്മയും ദാരിദ്ര്യവും അനുഭവിച്ച ബാല്യകൗമാരങ്ങൾ. അമ്പത്താറാം വയസ്സിൽ എന്റെ പിതാവ് അന്തരിച്ചു. അന്ന് എനിക്കു മുപ്പതു വയസ്സ്. ജീവിതത്തിന്റെ കരുതലായി അപ്പൻ തന്നുപോയത് ഒരുപാട് സ്നേഹവും ഒമ്പതുമക്കളെയും. നന്നേ ചെറുപ്പം മുതൽ കുടുംബഭാരത്തിന്റെ കുരിശുപേറേണ്ടിവന്നു എനിക്ക്. ഒമ്പതു മക്കളിൽ മൂത്തവൻ ഞാൻ. എനിക്കു താഴെ നാലു സഹോദരികളും നാലു സഹോദരന്മാരും. അവരെ പഠിപ്പിക്കണം. കെട്ടിച്ചയയ്ക്കണം. കുടുംബസ്വത്തില്ല. സമ്പാദ്യമില്ല. കായൽപ്പരപ്പിൽ തുഴ നഷ്ടപ്പെട്ട തോണിക്കാരനെപ്പോലെ പകച്ചും പരിഭ്രമിച്ചും നിന്നു.

ഈ എസ്.എസ്.എൽ.സി.ക്കാരന് കോളജിൽ ചേരാനും ഡിഗ്രിയെടുക്കാനും അതിയായ മോഹമുണ്ടായിരുന്നു. നടന്നില്ല. 17-ാം വയസ്സിൽ തൃശൂരിലെ സ്വരാജ് റൗണ്ടിലുള്ള ഒരു കുറി(ചിട്ടി) കമ്പനിയിൽ ജോലി കിട്ടി. കാലത്തു പത്തുമുതൽ അഞ്ചുവരെ കണക്കിന്റെ ലോകത്ത്. അതുകഴിഞ്ഞു വീട്ടിൽ വന്നാൽ പാതിരാത്രിവരെ നാടകമെഴുത്തും വായനയും. കണക്കും കലയും പരസ്പരം പൊരുത്തപ്പെടില്ല എന്നു പറയും. ഈ രണ്ടു മേഖലകളിൽ ഏകകാലത്തു പ്രവർത്തിച്ചാൽ വിജയിക്കുക പ്രയാസമാണ്. എന്നാൽ, രണ്ടും ഒന്നിച്ചു പോകുമെന്നും വിജയകരമായി നടത്താമെന്നും ഞാൻ സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. അത് എന്റെ ജീവിതസാഹചര്യത്തിന്റെ ആവശ്യമായിരുന്നു. കഠിനമായ അധ്വാനം, തീവ്രമായ പരിശ്രമം, വളരണം വളരണമെന്നുള്ള അദമ്യമായ ഇച്ഛാശക്തി, നേരായ മാർഗത്തിലൂടെമാത്രമേ സമ്പാദിക്കൂ എന്ന ദൃഢനിശ്ചയം, മുട്ടിപ്പായ പ്രാർഥന!

സാമ്പത്തികഞെരുക്കങ്ങളുടെയും പ്രശ്നപരമ്പരകളുടെയും ഒത്തനടുക്ക് നിസ്സഹായതയോടെ വീർപ്പുമുട്ടി നിൽക്കുന്ന മുഹൂർത്തങ്ങളിൽ ആരോടും പരാതിപ്പെടാതെ, നുറുങ്ങിയ ഹൃദയവുമായി ഞാൻ യേശുവിന്റെ സന്നിധിയിലേക്കു തിരിയും. ദൈവാലയത്തിന്റെ ഏകാന്തതയിൽ മുട്ടുകുത്തും. സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുവോസ്തിയിൽ സത്യമായും ക്രിസ്തുനാഥൻ സന്നിഹിതനാണെന്നു പൂർണമായി വിശ്വസിച്ചുകൊണ്ടു ബലഹീനനായ ഞാൻ ആവശ്യങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചുവച്ച് മനംനൊന്തു പ്രാർഥിക്കും. ആദരവോടെ ആരാധിക്കും. എന്റെ വേദനകളും ഉത്കണ്ഠകളും പ്രയാസങ്ങളും പ്രതിസന്ധികളും ആ അത്താണിയിൽ ഞാൻ സമർപ്പിക്കും. വലിയൊരു ഭാരം ഇറക്കിവച്ച ആശ്വാസമാണപ്പോൾ.



ദുരിതങ്ങളും കഷ്ടപ്പാടുകളും ഏറെ സഹിച്ചെങ്കിലും കാലം കടന്നുപോകവേ എല്ലാ കുറവുകളും നികത്താൻ ദൈവം തിരുമനസ്സായി. എന്റെ സഹധർമിണി ലിസിയും ഒപ്പം നിന്നു. ഇന്നിപ്പോൾ ഞാനും കുടുംബവും എല്ലാ സഹോദരകുടുംബങ്ങളും മാതാപിതാക്കൾ കാട്ടിത്തന്ന വഴികളിലൂടെ സഞ്ചരിച്ച് നല്ലനിലയിൽ അഭിമാനത്തോടെ കഴിയുന്നു. അങ്ങനെ ദീർഘകാലമായുള്ള ഞങ്ങളുടെ പ്രാർഥനകൾക്കും പ്രയത്നങ്ങൾക്കും നല്ല കൂലികിട്ടി. പരാതികളില്ലാതെ എല്ലാം സഹിച്ചതിന് ഈശ്വരന്റെ പ്രതിഫലം!

> ഇത്രയും കാലത്തിനിടയ്ക്ക് ക്രൈസ്തവദർശനങ്ങൾക്കും ധാർമികമൂല്യങ്ങൾക്കും സനാതനതത്ത്വങ്ങൾക്കും സദാചാരസംഹിതകൾക്കും വിരുദ്ധമായി ഒരുവാക്കോ വരിയോ ഞാൻ എഴുതിയിട്ടില്ല. അക്രമംകൊണ്ടും കൈയൂക്കുകൊണ്ടും വിജയം വരിക്കുന്ന ഒരു നാടകവും ഞാൻ രചിച്ചിട്ടില്ല. കൊലപാതകവും ആത്മഹത്യയുംകൊണ്ടു പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു രചനയും നടത്തിയിട്ടില്ല.

കഠിനപ്രയത്നത്തിന്റെ ഭാഗമായിരുന്നു എന്റെ നാടകരചന. എന്റെ കുടുംബത്ത് ഒരു സാഹിത്യകാരനുണ്ടായിട്ടില്ല. ആ പാരമ്പര്യവുമില്ല. എന്നിട്ടും ഞാനൊരു നാടകരചയിതാവായി. ദൈവം എന്നെക്കൊണ്ട് എന്തൊക്കെയോ ചെയ്യിച്ചു.

1956 ൽ 24-ാം വയസ്സിൽ ഞാനാദ്യമായി എഴുതിയ നാടകത്തിന്റെ പേര് 'മാനം തെളിഞ്ഞു.' നാടകരംഗത്തു വന്നിട്ട് 68 വർഷമായി. ഈ 92-ാം വയസ്സിലും നാടകരംഗത്തുറച്ചു നിൽക്കുന്നു.

നിശയുടെ നിശ്ശബ്ദതയിൽ, ഏകാന്തതയുടെ പൂർണതയിൽ, ഞാനിരുന്നു മൂല്യവാഹികളായ നാടകങ്ങൾക്കു രൂപം കൊടുത്തപ്പോൾ എന്നോടൊപ്പം യേശു ഉണ്ടായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഓരോ നാടകവും റേഡിയോ നാടകവും ഏകാങ്കവും യേശുവിന്റെ ആശയങ്ങൾ അലിഞ്ഞുചേർന്ന കലാരൂപങ്ങളാണ് - യേശുബിംബങ്ങളാണ്.

ഇതുവരെ മുപ്പത്താറു സമ്പൂർണനാടകങ്ങളും നൂറോളം ഏകാങ്കങ്ങളും ഒട്ടനവധി റേഡിയോ നാടകങ്ങളും കൈരളിക്കു കാഴ്ചവച്ചു. വർഷംതോറുമുള്ള അഖിലകേരള റേഡിയോ നാടകവാരത്തിൽ 15 വർഷം എന്റെ ഓരോ നാടകമുണ്ടായിരുന്നു. ആ ഭാഗ്യം കേരളത്തിലെ മറ്റൊരു എഴുത്തുകാരനും ലഭിച്ചിട്ടില്ല.

നാടകവാരത്തിൽ വന്നതിൽ ശ്രോതാക്കൾ മികച്ചതെന്നു വിധിയെഴുതിയ മണൽക്കാട്, അഗ്നിവലയം നാടകങ്ങൾ പിന്നീട് ആകാശവാണിയുടെ നാഷണൽ പ്രോഗ്രാമിൽ വന്നു. അതായത്, ഒരു ദിവസം രാത്രി ഒമ്പതരമുതൽ പത്തരവരെ ഇന്ത്യയൊട്ടുക്ക് അതതുഭാഷകളിൽ മേല്പറഞ്ഞ എന്റെ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

നാടകത്തിന്റെ സീസണായാൽ പള്ളിമുറ്റങ്ങളിലും ക്ഷേത്രമൈതാനങ്ങളിലും കലാസമിതി വാർഷികങ്ങളിലും കോളജ് ആനിവേഴ്സറികളിലും രാഷ്ട്രീയപ്പാർട്ടി സമ്മേളനങ്ങളിലും എന്റെ നാടകങ്ങൾ അരങ്ങേറി. കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും മലയാളികൾ എവിടെയൊക്കെയുണ്ടോ അവിടെയെല്ലാം എന്റെ നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു.

എന്റെ മൂന്നു നാടകങ്ങൾ ചലച്ചിത്രങ്ങളായി. ഈ എസ്.എസ്.എൽ.സി.ക്കാരന്റെ മണൽക്കാട്, ജ്വലനം, യുഗതൃഷ്ണ എന്നീ നാടകങ്ങൾ കേരളത്തിലെ മൂന്നു യൂണിവേഴ്സിറ്റികളിൽ ഡിഗ്രിക്ക് പാഠപുസ്തകങ്ങളായി. 'നാടകരചന എന്ത്? എങ്ങനെ?'എന്ന ഗ്രന്ഥം കേരള - കാലിക്കട്ട് യൂണിവേഴ്സിറ്റികൾ എം.എ. വിദ്യാർഥികൾക്കുള്ള പഠനഗ്രന്ഥമായി അംഗീകരിച്ചു.

എന്റെ പ്രതീക്ഷയിൽക്കവിഞ്ഞ് ഒട്ടനവധിഅവാർഡുകളുംഅംഗീകാരങ്ങളുംഎന്നെത്തേടി വന്നു. കേരളസാഹിത്യഅക്കാദമി അവാർഡ്, കേരള സംഗീതനാടക അക്കാദമി അവാർഡ്, സമഗ്ര സംഭാവനയ്ക്കുള്ള സാഹിത്യ അക്കാദമി അവാർഡ്, കേരള സംഗീതനാടക അക്കാദമിയുടെ കലാരത്ന ഫെല്ലോഷിപ്പ്, കെ.സി.ബി.സി. അവാർഡ്, അബുദാബി ശക്തി അവാർഡ്, സംസ്ഥാനസർക്കാരിന്റെ നാടകത്തിനുള്ള ഉന്നത ബഹുമതിയായ എസ്.എൽ.പുരം പുരസ്കാരം, ഏറ്റവും ഒടുവിലായി കേന്ദ്ര സംഗീത നാടക അക്കാദമിയുടെ നാടകരചനയ്ക്കുള്ള അമൃതാപുരസ്കാരം തുടങ്ങി ചെറുതും വലുതുമായ മുപ്പതോളം അവാർഡുകൾ ലഭിച്ചു.

ദൈവത്തിന്റെ കൃപാകടാക്ഷം പിന്നെയുമുണ്ടായി. ഞാൻ വഹിച്ച ഭാരവാഹിത്വങ്ങളും എനിക്കു ലഭിച്ച ബഹുമതികളും പലതാണ്. കേരളസംഗീതനാടക അക്കാദമി ചെയർമാൻ, കേന്ദ്രസംഗീത നാടക അക്കാദമി അംഗം, കേരള ഫിലിം സെൻസർ ബോർഡ് അംഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഫൈൻ ആർട്സ് ഫാക്കൽറ്റി അംഗം, ആഗോള കത്തോലിക്കാ സഭയുടെ അത്യുന്നത പേപ്പൽ ബഹുമതിയായ 'ഷെവലിയർ' പദവി. ഇതിനുപുറമേ കേരള സാഹിത്യ അക്കാദമി, സമസ്ത കേരളസാഹിത്യപരിഷത്ത്, ആകാശവാണി ഉപദേശകസമിതി എന്നിവയിലും അംഗമായിരുന്നിട്ടുണ്ട്.

എന്റെ രചനയെപ്പറ്റി ഒരു വസ്തുത കൂടി പറയട്ടെ. ഇത്രയും കാലത്തിനിടയ്ക്ക് ക്രൈസ്തവദർശനങ്ങൾക്കും ധാർമികമൂല്യങ്ങൾക്കും സനാതനതത്ത്വങ്ങൾക്കും സദാചാരസംഹിതകൾക്കും വിരുദ്ധമായി ഒരു വാക്കോ വരിയോ ഞാൻ എഴുതിയിട്ടില്ല. അക്രമംകൊണ്ടും കൈയൂക്കുകൊണ്ടും വിജയം വരിക്കുന്ന ഒരു നാടകവും ഞാൻ രചിച്ചിട്ടില്ല. കൊലപാതകവും ആത്മഹത്യയുംകൊണ്ടു പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു രചനയും നടത്തിയിട്ടില്ല.

വിവിധ നാടകങ്ങളിലൂടെ ഞാൻ സമൂഹത്തിനു കൊടുത്ത സന്ദേശം സത്യത്തിന്റെ, സ്നേഹത്തിന്റെ, നന്മയുടെ, കരുണയുടെ, മതമൈത്രിയുടെ, മാനവസ്നേഹത്തിന്റെ, പശ്ചാത്താപത്തിന്റെ, പരോപകാരത്തിന്റെ, ക്ഷമിക്കുന്ന സ്നേഹത്തിന്റെ, പ്രതികാരമില്ലായ്മയുടെ...അങ്ങനെ...അങ്ങനെ...

ദീർഘിപ്പിക്കുന്നില്ല. ഈ സ്കൂൾ ഫൈനൽകാരനെ ദൈവം എവിടെവരെ എത്തിച്ചു? ബൈബിളിൽ ഒരു വാക്യമുണ്ട് (1 പത്രോസ് 5:6) ''ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും.''

സത്യമാണ്. അവിടുന്ന് എന്നെ ഉയർത്തി വളർത്തി. നിസ്വനും നിസ്സാരനുമായിരുന്ന എന്നെ ദൈവം എവിടെ വരെ എത്തിച്ചു?

92 ൽ എത്തിനിൽക്കുന്ന ഞാൻ ഇന്ന് ഏറെ സംതൃപ്തനാണ്. നാടകരംഗത്ത് ഒന്നുമല്ലാതിരുന്ന എന്നെ ഒന്നാം നിരയിലെത്തിച്ചതും ആരുമല്ലാതിരുന്ന എന്നെ ആയിരങ്ങളുടെ ആരാധാനാപാത്രമാക്കിയതും ദയാനിധിയായ ദൈവത്തിന്റെ കൃപാകടാക്ഷമാണ്.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ഞാൻ നിങ്ങൾക്കു സദുപദേശങ്ങൾ നൽകുന്നു;
എന്റെ പാഠങ്ങൾ തള്ളിക്കളയരുത്.
സുഭാഷിതങ്ങൾ 4:2

**എഡിറ്റോറിയൽ**

# മനുഷ്യബന്ധങ്ങൾക്കു വിലകല്പിക്കാത്തതെന്തേ?

മനുഷ്യബന്ധങ്ങൾക്കു വിലകല്പിക്കാത്ത ഒരു ലോകത്താണ് നാമിന്നു ജീവിക്കുന്നത്. എല്ലാവരും അവരവരുടെ സ്വകാര്യതകളിൽ ലോകങ്ങൾ സൃഷ്ടിക്കാൻ പരക്കംപായുകയാണ്. ഇവിടെ സ്വന്തവും ബന്ധവുമെല്ലാം മറന്നുപോവുന്നു അഥവാ മറക്കാൻ നിർബന്ധിതരാകുന്നു. എന്തോ! കെട്ട കാലംതന്നെയാണിത്.

എറണാകുളം പനമ്പള്ളിനഗറിലെ ഫ്ളാറ്റിൽനിന്ന് നവജാതശിശുവിനെ നടുറോഡിലേക്ക് എറിഞ്ഞു കൊലപ്പെടുത്തിയ സംഭവം നാടിനെ നടുക്കി. നൊന്തുപെറ്റ അമ്മയാണ് ഈ ക്രൂരകൃത്യം നടത്തിയതെന്നറിയുമ്പോഴാണ് മനുഷ്യത്വമുള്ളവന്റെ മനസ്സാക്ഷി മരവിച്ചുപോകുന്നത്. പ്രസവിച്ചു മൂന്നു മണിക്കൂർ തികയുംമുമ്പേയാണ് അവിവാഹിതയായ ഇരുപത്തിമൂന്നുകാരി പൊക്കിൾക്കൊടി മുറിച്ച് ചോരക്കുഞ്ഞിനെ വലിച്ചെറിഞ്ഞത്. കൊലപ്പെടുത്തിയത് ശ്വാസംമുട്ടിച്ചെന്നാണ് പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ട്. കുഞ്ഞിന്റെ കഴുത്തിൽ തുണി മുറുക്കിക്കെട്ടിയിരുന്നു. വിശദമായ പോസ്റ്റുമോർട്ടം റിപ്പോർട്ട് കിട്ടിയതിനുശേഷമേ കൃത്യമായ നിഗമനത്തിലെത്താൻ കഴിയൂവെന്ന് പൊലീസ്.

ജനിച്ചു നിമിഷങ്ങൾക്കകം ജീവിതം നിഷേധിക്കപ്പെട്ട ആ കുഞ്ഞിന്റെ പക്ഷംചേർന്നാണ് മനസ്സാക്ഷിയുള്ള ഓരോ മനുഷ്യനും. എന്തിനാണ് അവനെ നിഷ്കരുണം കൊന്നുതള്ളിയത്... ആ നിഷ്കളങ്കരക്തം എന്തപരാധമാണു ചെയ്തത്... ഉത്തരമില്ലാത്ത കുറേ ചോദ്യങ്ങൾ ബാക്കിയാകുന്നു.

പനമ്പള്ളി നഗറിലെ റോഡിലൂടെ കാറോടിച്ചുപോയ ഡ്രൈവറാണ് കുഞ്ഞിന്റെ മൃതദേഹം ആദ്യം കണ്ടത്. ആ സങ്കടക്കാഴ്ചയെക്കുറിച്ചു കണ്ഠമിടറിയാണ് ആ മനുഷ്യൻ സംസാരിച്ചത്. 'ഇങ്ങു തരാമായിരുന്നില്ലേ ആ കുഞ്ഞിനെ...' എന്ന അദ്ദേഹത്തിന്റ ചോദ്യം മനുഷ്യപ്പറ്റുള്ള ഓരോരുത്തരുടെയും ഹൃദയനോവാണ്.

ലൈംഗികപീഡനത്തിനിരയായി ഒറ്റപ്പെട്ടുപോയ ഒരു യുവതിയുടെ പരാക്രമങ്ങൾ അല്പം വിചിത്രമായിത്തോന്നാം. ഗർഭം അലസിപ്പിക്കാൻ ആവതു ശ്രമം നടത്തിയെങ്കിലും അവൾ പരാജയപ്പെട്ടു. പ്രസവശേഷം കുഞ്ഞിനെ എന്നന്നേക്കുമായി ഒഴിവാക്കാനായിരുന്നു തീരുമാനം. ഇന്റർനെറ്റിലൂടെ പ്രസവമെടുക്കുന്നതടക്കമുള്ള കാര്യങ്ങൾ പഠിച്ചു. ഗർഭിണിയാണെന്ന് പുറത്തറിയാതിരിക്കാൻ വലിപ്പംകൂടിയ വസ്ത്രങ്ങൾ ധരിച്ചു. പരസഹായമില്ലാതെ പ്രസവിക്കാനും പൊക്കിൾക്കൊടി മുറിക്കാനും ഇന്റർനെറ്റ് സഹായകമായെന്നാണ് യുവതിയുടെ മൊഴി. യുവതി ഗർഭിണിയായതും പ്രസവിച്ചതുമൊന്നും മാതാപിതാക്കൾ അറിഞ്ഞില്ലെന്ന കാര്യത്തിൽ ദുരൂഹത മണക്കുന്നുണ്ടെങ്കിലും, കുഞ്ഞിനെ കൊലപ്പെടുത്തിയതിൽ അവർക്കു പങ്കില്ലെന്നാണ് പൊലീസ്സാക്ഷ്യം.

കൊന്നുതള്ളിയ അമ്മയുടെ കൊടുംക്രൂരതയെയും കുഞ്ഞിന്റെ ജീവിക്കാനുള്ള അവകാശനിഷേധത്തെയുംകുറിച്ചു മാത്രം പറഞ്ഞാൽ മതിയോ? പീഡനത്തിനിരയായ ഒരു അവിവാഹിതയുടെ കടുത്ത മാനസികസംഘർഷങ്ങളും വായനക്കാരന്റെ മുമ്പിലുണ്ടാകണം. തക്കസമയത്തെ ചില തുറന്നുപറച്ചിലുകൾക്കുള്ള സാമൂഹികപരിസരം ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ, ഇത്തരം കൊടിയ പാതകത്തിലേക്ക് ഈ സംഭവം കൂപ്പുകുത്തില്ലായിരുന്നു.

അവിഹിതഗർഭം ചുമക്കാൻ വിധിക്കപ്പെട്ട ഇവളെ മാനഹാനിയെന്ന മഹാഭീതി വല്ലാതെ ഉലച്ചിട്ടുണ്ടാവണം. ഒരർഥത്തിൽ, ഇതൊരു ദുരഭിമാനക്കൊലയാണ്. മാനംനഷ്ടപ്പെട്ട ഒരു പെണ്ണിന്റെ അതിജീവനത്തിനായുള്ള നെട്ടോട്ടം. മനസ്സിന്റെ ഭാരം ഇറക്കിവയ്ക്കാൻ ഒരിടം ഉണ്ടായിരുന്നെങ്കിൽ, സങ്കടങ്ങൾ പറഞ്ഞുതീർക്കാൻ ഒരു ഹൃദയവാതിൽ എവിടെയെങ്കിലും തുറന്നുകിട്ടിയിരുന്നെങ്കിൽ, ഒരു പിഞ്ചുകുഞ്ഞിന്റെ നിഷ്ഠുരമായ കൊലപാതകത്തിലേക്ക്, അതും സ്വന്തം ചോരയെ തച്ചുടയ്ക്കുന്ന പൈശാചികഹിംസയിലേക്ക് ഒരമ്മയ്ക്ക് എത്തിപ്പെടേണ്ടിവരില്ലായിരുന്നു.

ലൈംഗികപീഡനത്തിനിരയായവൾ ആരോടും ഒന്നും പറയാൻ പാടില്ല... ഗാർഹികപീഡനത്തിനിരയായാലോ പുറത്തറിയിക്കാതെ കുടുംബത്തിന്റെ മാനംകാക്കണം... ഇങ്ങനെ എത്രയെത്ര സമൂഹനിർമിതവിലക്കുകളാണ് നിസ്സഹായയായ ഒരു സ്ത്രീ ചുമക്കേണ്ടിവരുന്നത്. മാതാപിതാക്കളോടുപോലും മനസ്സുതുറക്കാൻ പറ്റാതെ ഉള്ളിലൊതുക്കി വേദന കടിച്ചുതിന്നാൻ വിധിക്കപ്പെട്ടവർ. അവസാനം ദുരന്തസാഹചര്യങ്ങളിലേക്ക് അവർ നയിക്കപ്പെടുന്നു. കൊടുംപാതകങ്ങളിലേക്ക് സാഹചര്യങ്ങൾ അവരെ എത്തിക്കുന്നു.

ആരും തെറ്റിധരിക്കേണ്ട. യുവതി ചെയ്തുകൂട്ടിയ സമാനതകളില്ലാത്ത കൊടുംക്രൂരതയെ ന്യായീകരിക്കുകയല്ല. അവർ നിയമത്തിന്റെ മുമ്പിൽ കുറ്റക്കാരിയാണ്. ചെയ്ത തെറ്റിനു തക്കതായ ശിക്ഷ അനുഭവിക്കുകയും വേണം. പക്ഷേ, നമ്മുടെ സാമൂഹികപരിസരം കുറച്ചുകൂടി വിസ്തൃതമായാൽ സ്ത്രീകളുടെയെന്നല്ല, ഓരോ മനുഷ്യന്റെയും മാനസികാരോഗ്യം മെച്ചപ്പെടുത്താൻ നമുക്കാവുമെന്നുള്ള ഒരോർമപ്പെടുത്തലാണിത്.

പുരുഷന്മാരെക്കാൾ മാനസികാരോഗ്യത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്, ഏതാണ്ട് മൂന്നിരട്ടിയുണ്ടെന്നാണ് പഠനങ്ങൾ. സ്ത്രീകളുടെ വൈകാരികവും മനഃശാസ്ത്രപരവും ജൈവശാസ്ത്രപരവുമായ ആരോഗ്യവിചാരങ്ങളിൽ കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും പിന്തുണയുണ്ടാവണം. മനഃശാസ്ത്രജ്ഞന്മാരും കൗൺസിലേഴ്സും മോട്ടിവേഷണൽ ട്രെയിനേഴ്സും മറ്റും ആവശ്യത്തിലധികമുള്ള ഈ നാട്ടിൽ ഭയപ്പാടുകളില്ലാതെ സ്വാഭാവികസ്വാതന്ത്ര്യത്തോടെ കടന്നുചെല്ലാവുന്ന വിശ്വസ്ത ഇടങ്ങളും സുഹൃദ്ബന്ധങ്ങളും നമ്മുടെ പെൺസമൂഹത്തിനുണ്ടാവണം. ആരോഗ്യകരമായ ആൺ-പെൺ സൗഹൃദങ്ങൾ വളർത്തുന്നതോടൊപ്പം ജാഗ്രതയും വിവേകവും പുലർത്താനുള്ള വിദ്യാഭ്യാസാവബോധവും നമ്മുടെ പെൺകുട്ടികൾ ആർജിക്കട്ടെ.

# ജനാധിപത്യത്തിന്റെ കാവൽഗോപുരത്തിന് അടിത്തറയിളകുന്നുവോ?




1-ാം പേജ് തുടർച്ച

ഈ രാജ്യത്തു വിയോജിക്കുന്നവരോടുള്ള അസഹിഷ്ണുത കൂടിക്കൊണ്ടിരിക്കുകയും അഭിപ്രായപ്രകടനത്തിനുള്ള സാധ്യതകൾ അടഞ്ഞുകൊണ്ടിരിക്കുകയുമാണ്. നിങ്ങൾക്കു സത്യസന്ധമായി കാര്യങ്ങൾ പറയാം... ഒരിക്കൽ മാത്രം... പിന്നെ കാത്തിരിക്കുന്നത് യു.എ.പി.എ കേസോ രാജ്യദ്രോഹക്കുറ്റമോ ആണ്.


നമ്മുടെ രാജ്യത്തിന്റെ ധ്രുവീകരണത്തിന് ആക്കംകൂട്ടാൻ മാത്രമേ മാധ്യമപ്രവർത്തകരുടെ പക്ഷംപിടിക്കൽ സഹായിക്കൂ. മാധ്യമങ്ങൾ ജനാധിപത്യത്തിന്റെയും ജനങ്ങളുടെയും വക്താക്കളാകണം എന്ന കാഴ്ചപ്പാടാണ് അവരെ നയിക്കേണ്ടത്. പൊതുസമൂഹം എന്തു കാണണം, എന്തു കേൾക്കണം, എന്തു വായിക്കണം, എന്തറിയണം എന്നൊക്കെ അധികാരകേന്ദ്രങ്ങൾ തീരുമാനിക്കുന്ന ഈ വേളയിൽ ഭരണകൂടത്തിന്റെ സ്തുതിപാഠകരായ മാധ്യമങ്ങളുടെമേൽ ജനങ്ങൾക്കുള്ള വിശ്വാസവും അസ്തമിച്ചുതുടങ്ങി എന്നതും ചിന്തിക്കണം. കാരണം, മാധ്യമങ്ങൾ എന്നും പ്രതിപക്ഷമായിത്തന്നെ തുടരുന്നതാണ് ജനാധിപത്യത്തിന്റെ മനോഹാരിത.

■



*കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ പ്രവർത്തനവർഷോദ്ഘാടനം പാലാ അൽഫോസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.*

# കെ.സി.എസ്.എൽ. സംസ്ഥാനഭാരവാഹികൾ



ജെഫിൻ ജോജോ



ആവ്‌ലിൻ ജോർജ്

കൊച്ചി: കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ 2024-25 വർഷത്തെ സംസ്ഥാനഭാരവാഹികളെ തിരഞ്ഞെടുത്തു. സംസ്ഥാനചെയർമാനായി ജെഫിൻ ജോജോയും (ഇടുക്കി രൂപത), ജനറൽ സെക്രട്ടറിയായി ആവ്‌ലിൻ ജോർജും (വരാപ്പുഴ അതിരൂപത), മറ്റു ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്തു ചുമതല ഏറ്റെടുത്തു.

ഹയർ സെക്കൻഡറി വിഭാഗം സെക്രട്ടറിമാർ: ജയ്മോൻ അയ്യനേത്ത് (തിരുവനന്തപുരം മലങ്കര), അലിറ്റ മനോജ് (പാലാ), കെസിയ എസ്. (കൊല്ലം).

ഹൈസ്കൂൾ വിഭാഗം സെക്രട്ടറിമാർ: അജിൻ ഗ്രിഗറി തോമസ് (ചങ്ങനാശ്ശേരി), മെറിൻ മരിയ സാബു (തൃശൂർ), ആഗ്ന റോസ് (ഇരിഞ്ഞാലക്കുട).

യു.പി. വിഭാഗം സെക്രട്ടറിമാർ: ഫെബിൻ ജോസ് വർഗീസ് (മാവേലിക്കര), ആൻസ്റ്റിൻ സെബാസ്റ്റ്യൻ (കോതമംഗലം), ജിസ്മി റോസ റ്റോജോ (ചങ്ങനാശ്ശേരി), അസഫ് ജെയ്സൺ (എറണാകുളം - അങ്കമാലി).

കൊല്ലം ക്രിസ്തുജ്യോതി ആനിമേഷൻ സെന്ററിൽ ഫെബ്രുവരി 27-29 തീയതികളിൽ നടന്ന നേതൃത്വപരിശീലന ക്യാമ്പിൽവച്ചാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

കൗൺസലിങ് കോർണർ



ഡോ. ജസ്റ്റിൻ തോമസ്

# പാറ്റയെ പേടിക്കുന്ന പൊലീസുകാരി!



**മി**നി പൊലീസുകാരിയാണ്. കടയിൽപ്പോയി തിരിച്ചുവന്നപ്പോൾ ഭർത്താവ് കതകു തുറന്നു. മുറിക്കകത്തുനിന്ന് ഒരു പാറ്റ മിനിയുടെ അടുത്തേക്കു പറന്നുവന്നു. കൈയിലുണ്ടായിരുന്ന സാധനങ്ങൾ താഴെയിട്ട് അവർ തിരിഞ്ഞോടി. ഭർത്താവ് പാറ്റപോയെന്ന് ഉറപ്പുപറഞ്ഞപ്പോൾ മിനി തിരിച്ചു വീട്ടിൽ കയറി. പക്ഷേ, പാറ്റ അവളെ വീണ്ടും വേട്ടയാടി. റൂമിലൂടെ പറക്കുന്ന പാറ്റയെക്കണ്ട് അവൾ നിലവിളിച്ച് ബാത്ത്റൂമിൽ കയറി കതകടച്ചു. ധീരനായ ഭർത്താവ് പത്തുമിനിറ്റുകൊണ്ട് പാറ്റയെ കൊന്നു. ഭർത്താവിൽ വലിയ വിശ്വാസമുള്ള മിനി ബാത്ത്റൂമിന്റെ കതകുതുറന്നു പുറത്തിറങ്ങി. പക്ഷേ, അവൾ വിറയ്ക്കുകയായിരുന്നു. വൈകുന്നേരത്തോടെ പനികൂടി ഹോസ്പിറ്റലിൽ അഡ്മിറ്റായി. ഹോസ്പിറ്റൽവാസത്തിനു നാലുനാളുകൾക്കുശേഷം അവർ ഭർത്താവിനെയുംകൂട്ടി എന്റെ അടുത്തുവന്നപ്പോൾ പറഞ്ഞ വാചകം ഓർമയുണ്ട്: ''സാർ എനിക്കു പാറ്റയെമാത്രമല്ല, പല്ലിയെയും പേടിയാ!'' ഇവർ കരാട്ടെ ബ്ലാക്ക് ബെൽറ്റാണ്. ബസിൽവച്ച് അനാവശ്യമായി ദേഹത്തു സ്പർശിച്ച പുരുഷനെ തല്ലിയിട്ടുമുണ്ട്. ഇവർ ശരിക്കും ഒരു ധൈര്യശാലിതന്നെ. പക്ഷേ, പാറ്റയെയും പല്ലിയെയും പേടിയാണ്. അത് സാധാരണ പേടിയല്ല. അമിതഭയമാണ് (ഫോബിയ)! ഫോബിയയെ മാറ്റിയെടുക്കാനുള്ള അനേകം മനഃശാസ്ത്രമാർഗങ്ങൾ പാരമ്പര്യ മനഃശാസ്ത്രത്തിലും എൻ.എൽ.പി. പോലുള്ള വിദ്യകളിലുമുണ്ട്. ഇത്തരത്തിലുള്ള വിദ്യകൾ പ്രയോഗിച്ചതിലൂടെ മിനി പാറ്റയെ കൈവെള്ളയിൽ എടുക്കാൻ കെല്പുള്ള വ്യക്തിയായി മാറി.

**എന്താണ് അമിത(അകാരണമായ) ഭയം(ഫോബിയ)?**

പ്രശസ്തമായ വിക്കിപീഡിയ ഫോബിയായെ നിർവചിക്കുന്നത്, 'ഒരു വസ്തുവിനെയോ സാഹചര്യത്തെയോകുറിച്ചുള്ള യുക്തിരഹിതവും യാഥാർഥ്യബോധമില്ലാത്തതും സ്ഥിരവും അമിതവുമായ ഭയത്താൽ നിർവചിക്കപ്പെട്ട ഒരു ഉത്കണ്ഠാരോഗം എന്നാണ്.

ഫോബിയാകളെ പൊതുവായി രണ്ടായി തരംതിരിക്കാം:

1. പ്രത്യേക ഭയങ്ങൾ 2. സാമൂഹികഭയം

പ്രത്യേകഭയമുള്ള വ്യക്തി ഒരു പ്രത്യേകവസ്തുവിനെയോ സാഹചര്യത്തെയോ അകാരണമായി, അമിതമായി ഭയക്കുന്നു. എന്നാൽ സാമൂഹികഭയമുള്ള വ്യക്തി, പേരിൽ ഒളിഞ്ഞിരിക്കുന്നതുപോലെ, സമൂഹവുമായി ബന്ധപ്പെട്ട, മറ്റു വ്യക്തികളുമായി ഇടപഴകേണ്ട സാഹചര്യങ്ങളെ അകാരണമായി, അമിതമായി ഭയക്കുന്നു. മിനിയെ സംബന്ധിച്ചിടത്തോളം അവൾ അനുഭവിച്ചിരുന്നത്, പ്രത്യേകഭയങ്ങളായിരുന്നു. ഇവിടെ ഓർക്കേണ്ട കാര്യം ഫോബിയായെ പൊതുവായി രണ്ടായി തരംതിരിച്ചുവെങ്കിലും ഈ ഓരോ വിഭാഗത്തിനും കീഴിലും അനേകം ഫോബിയാകൾ വേറെയും ഉണ്ട് എന്നതാണ്.

**ഫോബിയാകൾ ഉടലെടുക്കാനുള്ള പ്രധാന കാരണങ്ങൾ?**

മനഃശാസ്ത്രത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരു വിഷയമാണ് അമിതമായ, അകാരണമായ ഭയം എന്നത്. ഈ ഒരു പ്രശ്നം ഉടലെടുക്കാനുള്ള പ്രധാനകാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കുട്ടിക്കാലത്തെ തിക്താനുഭവങ്ങൾ, 2. പൊരുത്തപ്പെടാൻ കഴിയാത്ത സാഹചര്യങ്ങളെ ഉൾക്കൊള്ളേണ്ടിവന്ന അനുഭവങ്ങൾ, 3. അമിത ഉത്കണ്ഠ 4. പാരമ്പര്യഘടകങ്ങൾ.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഭയവും ഉത്കണ്ഠയും വർധിപ്പിക്കുന്ന ഹോർമോണുകളുടെ അളവുയരുകയും അത് സ്ഥിരം പ്രതിഭാസമാവുകയും വ്യക്തി ഫോബിയായിലൂടെ കടന്നുപോവുകയും ചെയ്യും.

**ഫോബിയ അനുഭവിക്കുന്നവരെ എങ്ങനെ നോക്കിക്കാണണം?**

ഫോബിയായുടെ പിടിയിൽ അകപ്പെട്ടവരെ എത്രയും നേരത്തേ കൗൺസലിങ്ങിലൂടെയും മറ്റു ചികിത്സാമാർഗങ്ങളിലൂടെയും കടത്തിവിട്ടാൽ അവർക്കു വളരെ സുഗമമായി ഇതിൽനിന്നു പുറത്തുവരാൻ പറ്റും. ചില സാഹചര്യങ്ങളിൽ വ്യക്തി, ഫോബിയായിൽനിന്നു പുറത്തുവരാൻ കുറച്ചുനാളുകൾ എടുത്തേക്കാം. ഫോബിയ ഉള്ള വ്യക്തികളുമായി ഇടപഴകുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:

സഹാനുഭൂതിയോടെ പെരുമാറുക, കളിയാക്കാതിരിക്കുക, പ്രതികൂലസാഹചര്യങ്ങളെ മറികടക്കാൻ പ്രോത്സാഹിപ്പിക്കുകയും വളരെ ചെറിയ മാറ്റത്തിൽപ്പോലും അഭിനന്ദിക്കുകയും ചെയ്യുക.

ഫോബിയാ അനുഭവിക്കുന്നവരുടെ വിഷമതകളെ മനസ്സിലാക്കാൻ പലപ്പോഴും ചുറ്റുമുള്ളവർക്കു കഴിയാതെ വരുന്നത് ചികിത്സ തേടുന്നതിനു തടസ്സമാകാറുണ്ട്. ഇത് പ്രശ്നം സങ്കീർണമാക്കുകയും ചില സമയങ്ങളിൽ ജീവനുതന്നെ ഭീഷണിയാവുകയും ചെയ്യാം. മേൽ സൂചിപ്പിച്ച വസ്തുത ശരിയായി മനസ്സിലാക്കാൻ ചില ഫോബിയാകളെയും അവയുടെ പരിണതഫലങ്ങളെയും ചുവടെ വിവരിക്കുന്നു:

**ഉയരത്തെ ഭയക്കുന്നവർ**: ഏതെങ്കിലും കാരണവശാൽ ഈ ഫോബിയ ഉള്ളവർ ഉയരമുള്ള സ്ഥലത്തെത്തിയാൽ ബോധം നഷ്ടപ്പെട്ടു വീഴാൻപോലും സാധ്യതയുണ്ട്.

**വിമാനത്തിൽ സഞ്ചരിക്കാൻ ഭയക്കുന്നവർ:** ലോകപ്രശസ്തരായ ചിലർ വിമാനത്തിൽ കയറാത്ത കഥകൾ കേട്ടിട്ടുണ്ടാവാം. ഈ ഒരു പ്രശ്നംമൂലം ജോലികൾ നഷ്ടപ്പെടുന്നവരും വിമാനത്തിനുള്ളിൽവച്ച് ശാരീരികപ്രശ്നങ്ങൾ അനുഭവിക്കുന്നവരും അനേകമാണ്.

കൂടാതെ, വെള്ളത്തെ ഭയക്കുന്നവർ, അടച്ചുകെട്ടിയ സ്ഥലത്തെ ഭയക്കുന്നവർ ഉദാ: അടച്ചിട്ട മുറി, ലിഫ്റ്റ് തുടങ്ങിയവ, ദന്തഡോക്ടറെ ഭയം, ആൾക്കൂട്ടത്തെ ഭയക്കുന്നവർ, പ്രസംഗം പറയാനുള്ള ഭയം, കുത്തിവയ്പ് ഭയക്കുന്നവർ, രക്തത്തെ ഭയക്കുന്നവർ, ഇരുട്ടിനെ ഭയക്കുന്നവർ, ജന്തുക്കളെ ഭയക്കുന്നവർ, രോഗം വരുമോ എന്നു ഭയമുള്ളവർ എന്നിങ്ങനെ. ഫോബിയമൂലം ദുരിതമനുഭവിക്കുന്നവർ അനേകമാണ്. അവരുടെ പ്രശ്നങ്ങൾ അവരെ സംബന്ധിച്ചിടത്തോളം വളരെ സങ്കീർമാണുതാനും.

**ഫോബിയായെ മറികടക്കാനുള്ള മാർഗങ്ങൾ**

എന്റെ അനുഭവത്തിൽ എക്സ്പോഷർ തെറാപ്പി, ഹിപ്നോ തെറാപ്പി, എൻ.എൻ.പി. തെറാപ്പികൾ, ഗെസ്റ്റാൾട്ട് തെറാപ്പി എന്നിവയെല്ലാം ഫോബിയായെ മറികടക്കാൻ വളരെ ഫലപ്രദമായി കണ്ടിട്ടുണ്ട്. ചില അവസരങ്ങളിൽ ഉത്കണ്ഠ കുറയ്ക്കാനുള്ള മരുന്നുകൾ ആവശ്യമായി വരും. കൗൺസലിങ്ങും വിദഗ്ധചികിത്സയും ഒരുമിച്ചുപോകേണ്ട സന്ദർഭങ്ങളിൽ ഒട്ടും മടിക്കാതെ നാം അതു സ്വീകരിക്കണം. കാരണം, ഫോബിയാ നിസ്സാരമല്ല.

■

ശ്രേഷ്ഠമലയാളം

## അകമ്പടി



ഡോ. ഡേവിസ് സേവ്യർ

**അ**ർഥമറിയാതെ ഉപയോഗിക്കുന്ന ഒരു വാക്കാണ് അകമ്പടി. ചിലർ അതിനെ 'അകമ്പിടി' എന്നോ അകിമ്പടി' എന്നോ തെറ്റായി പറയുകയും എഴുതുകയും ചെയ്യുന്നു. അകമ്പടി എന്നതുമാത്രമാകുന്നു ശരിയായ രൂപം. അകം+പടി, സന്ധി ചെയ്യുമ്പോൾ അകമ്പടി എന്നാകുന്നു. അനുസ്വാരത്തിനു പരമായി വർഗാക്ഷരങ്ങളിൽ ഒന്നു വരുമ്പോൾ അതത് വർഗാക്ഷരത്തിന്റെ അനുനാസികം ആദേശമായി വരും. അങ്ങനെ, അകം + പടി, ചേർത്തെഴുതുമ്പോൾ അകമ്പടി എന്നായിത്തീരുന്നു. ഈ വിനിമയത്തെ ഇങ്ങനെ രേഖപ്പെടുത്താം. അകം+പടി → അകമ്+പടി → അകമ്പടി. ''വർഗ്യങ്ങൾ പരമായ് വന്നാൽ/ അതാതിൻ പഞ്ചമം വരാം'' (കാരിക 25-1)* എന്നാണല്ലോ നിയമവും.

അകമ്പടി എന്ന പദത്തിന് പലവിധം അർഥയോജന കല്പിക്കപ്പെട്ടിട്ടുണ്ട്. പടി (ശമ്പളം) പറ്റിക്കൊണ്ട് ചെയ്യുന്ന അകംവേല എന്നാണതിന്റെ നിരുക്ത്യർഥം. ക്ഷേത്രത്തിലെയോ കൊട്ടാരത്തിലെയോ അകത്തെ ചേവുക (ഉദ്യോഗം)മത്രേ അകമ്പടി (Service in a temple or palace).

പടി എന്ന വാക്കിന് പോലെ എന്നൊരർഥമുണ്ട്(പറയുംപടി). അപ്പോൾ 'അകംപടി'ക്ക് അകത്തെപ്പോലെ എന്ന പൊരുൾ വരാം. അങ്ങനെയെങ്കിൽ അകത്തുകഴിയുന്നതുപോലെ വെളിയിൽ സഞ്ചരിക്കുമ്പോഴും ശമ്പളം കൈപ്പറ്റിക്കൊണ്ട് അധികാരികളെ സേവിക്കുന്നവർ എന്നൊരു വിവക്ഷിതവും അകമ്പടിക്കു ചേരുമെന്ന് പ്രൊഫ. കുളത്തൂർ കൃഷ്ണൻനായർ നിരീക്ഷിക്കുന്നു.*

ഇത്രയും കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട് ആലോചിച്ചാൽ, ഇന്നത്തെ മന്ത്രിമാർക്കുള്ള സുരക്ഷാഭടന്മാരെപ്പോലെയോ കൂടെനിന്നു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെപ്പോലെയോ ഉള്ള ആളുകളുടെയോ സേവകവൃത്തിയത്രേ അകമ്പടി. 'അകമ്പടി സേവിക്കുക' എന്നൊരു ശൈലിയുണ്ടായതും ഈയൊരു പശ്ചാത്തലത്തിലാകണം. അകമ്പടിയെന്ന സുരക്ഷാസന്നാഹവും അണികൾ എന്നു വിളിപ്പേരുള്ള ആൾക്കൂട്ടവും ചേർന്നു നടത്തുന്ന പ്രൗഢസഞ്ചാരത്തിന്, രാജാധിപത്യകാലത്തു മാത്രമല്ല പ്രജാധിപത്യകാലത്തും സാംഗത്യമുണ്ടെന്ന് സമീപകാലസംഭവങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ!

* കുളത്തൂർ കൃഷ്ണൻനായർ, പ്രൊഫ., തെറ്റരുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, 2023, പുറം - 33.

# താമര വിരിയുമോ വാടുമോ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

വലിയ പ്രതീക്ഷയോടെയാണ് പ്രധാനമന്ത്രി മോദിയും ബിജെപിയും 2024 ലെ പൊതുതിരഞ്ഞെടുപ്പിലേക്കെത്തിയത്. 370–400 സീറ്റ് നേടി അനായാസം മൂന്നാംതവണയും രാജ്യം ഭരിക്കുമെന്നായിരുന്നു അവകാശവാദം. ആ സമയത്ത് ബി.ജെ.പി. യുടെ ആത്മവിശ്വാസത്തിൽ ആർക്കും സംശയം തോന്നിയിരുന്നില്ല. എന്നാൽ, തിരഞ്ഞെടുപ്പിലേക്ക് എത്തിയപ്പോൾ രാജ്യത്തെ രാഷ്ട്രീയാന്തരീക്ഷം ആകെ മാറി. മൂന്നുവട്ടം വോട്ടെടുപ്പ് പൂർത്തിയായപ്പോഴേക്കും 370 – 400 എന്ന മാജിക് നമ്പറിനെക്കുറിച്ച് പ്രധാനമന്ത്രിയും അദ്ദേഹത്തെ അന്ധമായി പിന്തുണയ്ക്കുന്ന കോർപ്പറേറ്റുമാധ്യമങ്ങളും മിണ്ടുന്നതേയില്ല. 370 – 400 സീറ്റ് ഇന്ത്യൻ ഭരണഘടന പൊളിച്ചെഴുതാനുള്ള സ്വപ്നസംഖ്യയാണ്. ആ സംഖ്യയിലേക്ക് എത്തുന്നതിന് അസാധാരണമായ ബിജെപി തരംഗമുണ്ടാകണമെന്നു സാമാന്യവിവരമുള്ള ആർക്കുമറിയാം. 2019 ൽത്തന്നെ കിട്ടാവുന്നതിന്റെ പരമാവധി സീറ്റ് ബിജെപി നേടിയിരുന്നു. അതിനപ്പുറത്തേക്കു കടക്കണമെങ്കിൽ വടക്കേയിന്ത്യയിൽ സീറ്റു നിലനിർത്തുകയും ദക്ഷിണേന്ത്യയിൽ 50 ലധികം സീറ്റ് കൂടുതൽ പിടിക്കുകയും വേണം. അത് അസാധ്യമായ കാര്യമത്രേ.

ഏതു പാർട്ടി ഭരിക്കുന്നു എന്നതല്ല പ്രധാനം, അവരുടെ നയപരിപാടികൾ എന്താകുന്നുവെന്നതാണ്. ബിജെപി രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കില്ലെന്നും രാജ്യത്ത് മതേതരത്വവും സോഷ്യലിസവും നഷ്ടപ്പെടുമെന്നും ന്യൂനപക്ഷങ്ങളും ഭൂരിപക്ഷസമൂഹത്തിലെ ഉത്തമരായ ജനാധിപത്യവാദികളും വിശ്വസിക്കുന്നു. ബിജെപിയെ സംഘടനാപരമായി താങ്ങിനിറുത്തുന്ന ആർഎസ്എസിന്റെ ഹിന്ദുത്വ അജണ്ടയെ ഭയപ്പെടുകയും എതിർക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരുന്നു. ഹിന്ദു – മുസ്ലീം വിദ്വേഷം വർധിപ്പിച്ച് ഏകദേശം എൺപതു ശതമാനത്തോളം വരുന്ന ഹിന്ദുക്കളെ ഒന്നിപ്പിക്കാമെന്ന രാഷ്ട്രീയതന്ത്രത്തിന്റെ അപകടം നല്ല ജനാധിപത്യബോധമുള്ളവർ തിരിച്ചറിഞ്ഞിരിക്കുന്നു.

2024 ലെ തിരഞ്ഞെടുപ്പുഫലം ബിജെപിയുടെ സ്വപ്നങ്ങൾക്കു തിരിച്ചടിയാകുന്നതിനുള്ള കാരണങ്ങൾ പലതാണ്. പ്രസംഗങ്ങളും പരസ്യങ്ങളും പ്രചാരണതന്ത്രങ്ങളുംകൊണ്ട് രാജ്യത്തെ ജനങ്ങളെ മുഴുവൻ മസ്തിഷ്കക്ഷാളനം നടത്താമെന്ന പാർട്ടിയുടെ പ്രതീക്ഷ തകർന്നടിയാൻ പോവുകയാണ്. വടക്കേയിന്ത്യൻ ഗ്രാമങ്ങളിലെ പാവപ്പെട്ട മനുഷ്യരെപ്പോലെയാണ് രാജ്യത്തെ എല്ലാവരും എന്ന ബിജെപിയുടെ കണക്കുകൂട്ടൽ തെറ്റിക്കുന്ന തിരഞ്ഞെടുപ്പായിരിക്കും ഇത്.

പണക്കൊഴുപ്പും മാധ്യമപിന്തുണയും ഇവന്റ് മാനേജ്മെന്റ് പാടവവും പൊളിറ്റിക്കൽ സ്ട്രാറ്റജിസ്റ്റുകളുടെ സഹായവും പോരാ തിരഞ്ഞെടുപ്പുവിജയത്തിനെന്നു പാർട്ടിക്കു മനസ്സിലാകാൻ പോകുന്ന തിരഞ്ഞെടുപ്പായിരിക്കും ഇത്. രാജ്യത്ത് 'ഒരു പാർട്ടി ഒരു ഭരണം' എന്ന ബിജെപിയുടെ അപകടകരവും ജനാധിപത്യവിരുദ്ധവുമായ ഫാസിസ്റ്റ് സമീപനത്തിനെതിരേ ഉയരുന്ന ജനവികാരത്തിന്റെ പ്രകാശനമായിരിക്കും 2024 ലെ തിരഞ്ഞെടുപ്പുഫലം. തിരഞ്ഞെടുപ്പ് ഏഴുഘട്ടങ്ങളാക്കി നീട്ടിയത് തിരിച്ചടിയാകാൻ പോവുകയാണ്. മോദി സർക്കാരിന്റെ പൊള്ളത്തരങ്ങൾ ചർച്ച ചെയ്യാൻ ജനങ്ങൾക്കു കൂടുതൽ സമയം ലഭിക്കുന്നതിന് അതു കാരണമായി. വെളുക്കാൻ തേച്ചതു പാണ്ടായതുപോലെയായി ഏഴുഘട്ട വോട്ടെടുപ്പ്. പ്രധാനമന്ത്രി എല്ലാ പ്രദേശങ്ങളിലും പ്രസംഗിച്ചാൽ അതു മുഴുവൻ വോട്ടായി മാറുമെന്നുള്ള പഴയകാലചിന്തയാണ് കാലഹരണപ്പെട്ടിരിക്കുന്നുവെന്നു തെളിയിക്കപ്പെടാൻ പോകുന്നത്.

കോൺഗ്രസ്മുക്തഭാരതം എന്ന പ്രധാനമന്ത്രിയുടെ ആവർത്തിച്ചുള്ള പ്രസംഗം ഗുണത്തേക്കാളേറെ ദോഷം ചെയ്തു. അതു കോൺഗ്രസിനും നെഹ്റുകുടുംബത്തിനും മാത്രം എതിരേയുള്ള മുദ്രാവാക്യമായിരുന്നില്ല. പ്രതിപക്ഷമില്ലാത്ത, എതിർശബ്ദങ്ങളില്ലാത്ത ഭരണത്തെക്കുറിച്ചുള്ള ധിക്കാരം കലർന്ന മുദ്രാവാക്യമായി ജനാധിപത്യവിശ്വാസികൾ അതിനെ വിലയിരുത്തി. മറ്റൊന്നും പറയാനില്ലാത്തതുകൊണ്ട് എന്നു തോന്നിപ്പിക്കത്തക്കവിധം രാഹുൽഗാന്ധിയെയും നെഹ്റുകുടുംബത്തെയും എല്ലാ വേദികളിലും പ്രധാനമന്ത്രി കടന്നാക്രമിച്ചത് അദ്ദേഹത്തിന്റെ വിലയിടിക്കുന്നതിനു കാരണമായി. ഇതിനു പുറമേയാണ് തോൽവി മണത്തുള്ള അദ്ദേഹത്തിന്റെ വർഗീയവിഷം ചീറ്റുന്ന പ്രസംഗങ്ങൾ. രാജസ്ഥാൻപ്രസംഗവും അതിലെ താലിമാലപരാമർശവും പാർട്ടിക്കും പ്രധാനമന്ത്രിക്കും വലിയ ക്ഷീണമായി. രാഷ്ട്രീയത്തിലെ രണ്ടാം നിരയിലോ മൂന്നാം നിരയിലോ ഉള്ള നേതാക്കന്മാർപോലും പറയാൻ അറയ്ക്കുന്ന കാര്യങ്ങളാണ് ഭരണഘടനാസ്ഥാപനത്തിന്റെ തലപ്പത്തുള്ള പ്രധാനമന്ത്രി ലജ്ജയില്ലാതെ പറഞ്ഞത്. രാഹുൽഗാന്ധി രാജ്യത്തിന്റെ പ്രധാനമന്ത്രിയാകണമെന്നാഗ്രഹിക്കുന്നത് പാക്കിസ്ഥാൻകാർ മാത്രമാണെന്ന പ്രധാനമന്ത്രിയുടെ വാക്കിനു പിന്നിലെ മുസ്ലീംവിരുദ്ധത നല്ല ഹൈന്ദവർപോലും വകവച്ചുകൊടുക്കുകയില്ല.

പത്തുവർഷം രാജ്യത്തിന്റെ സകലവിഭവങ്ങളും സമാഹരിച്ച്, പ്രതിപക്ഷത്തിന്റെ എതിർപ്പില്ലാതെ ഭരിച്ച പ്രധാനമന്ത്രി വോട്ടു ചോദിക്കേണ്ടത് ഭിന്നിപ്പിന്റെയും വർഗീയതയുടെയും പ്രസംഗങ്ങളിലൂടെയല്ല, രാജ്യത്തുണ്ടാക്കിയ വികസനപ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടിയാണ്. ഏതാനും സൂപ്പർ ഹൈ വേകളും പാലങ്ങളും വിമാനത്താവളങ്ങളുംമാത്രമാണു വികസനമെന്നു ജനം വിശ്വസിക്കുകയില്ല. അതൊക്കെ ചെറിയ ന്യൂനപക്ഷമായ ഉപരിവർഗത്തിനുതകുന്ന അടിസ്ഥാനസൗകര്യങ്ങളാണ്. യഥാർഥ വികസനം അടുക്കളയിലെ വികസനമാണ്. നിത്യോപയോഗസാധനങ്ങളുടെ വിലക്കുറവ്, ഗ്യാസിന്റെയും ഇന്ധനത്തിന്റെയും ലഭ്യതയും വിലക്കുറവും, കുട്ടികളുടെ വിദ്യാഭ്യാസസൗകര്യം അടിസ്ഥാന ആരോഗ്യപരിരക്ഷ, കർഷർക്കും കാർഷികവിളകൾക്കും വില ഉറപ്പാക്കുന്ന നയപരിപാടികൾ, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ നടപ്പാക്കുന്ന നടപടികൾ തുടങ്ങിയ കാര്യങ്ങളാണ് വികസനമായി സാധാരണക്കാർ മനസ്സിലാക്കുന്നത്. ഇരുപതുകോടി ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെക്കഴിയുന്നു. തൊഴിൽരഹിതരുടെ എണ്ണം പെരുകുന്നു. ഇതിനെ വികസനമായി ആര് അംഗീകരിക്കും? ഇത്തരമൊരു പശ്ചാത്തലത്തിൽ താമര വിരിയാനുള്ള സാധ്യത കുറവാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താനാകുമോ? ■

# അമ്മമനസ്സ്



ഷാജി മാലിപ്പാറ

"എന്റെ കുഞ്ഞിനെ ഞാൻ സ്കൂളിൽ വിടണത് നിനക്കു തട്ടിക്കളിക്കാനല്ല. നീ എന്താ വിചാരിച്ചത്? നിന്നെപ്പോലെ തോന്ന്യാസം കാണിക്കാനാ എല്ലാ പിള്ളേരും സ്കൂളിൽ വരണതെന്നോ? നിന്നെ ചിലപ്പോൾ അതിനായിരിക്കും ഇങ്ങോട്ടു തള്ളിവിടണത്? എന്നാലേ, എന്റെ കുഞ്ഞിനെ ഞാൻ പഠിക്കാനാ പറഞ്ഞുവിടണത്." അമ്മയ്ക്കു ദേഷ്യം അടക്കാൻ കഴിഞ്ഞില്ല. അവരുടെ പുരികം വിറച്ചു. മുഖം ചുവന്നു. കണ്ണുകളിൽ തീ പാറി.

അജേഷ്മാഷ് തൊട്ടരികിൽ കരുതലോടെ നിന്നു. അമ്മയുടെ അപ്പുറത്തായി നിമിഷ റ്റീച്ചറും. റ്റീച്ചറുടെ അഞ്ച് എ ക്ലാസിലെ അനന്തുവിന്റെ അമ്മയാണ് പൊട്ടിത്തെറിച്ചു നിൽക്കുന്നത്. അജീഷ് മാഷിനരികിലേക്കു റ്റീച്ചറാണ് അവരെ കൂട്ടിക്കൊണ്ടുവന്നത്. അഭിലാഷിന്റെ വികൃതിത്തരങ്ങൾ പ്രസിദ്ധമാണ്. ഏഴാംക്ലാസിന്റെ തരികിടയൊന്നുമല്ല അവന്റെ കൈയിലുള്ളത്.

"മാഷിന്റെ ക്ലാസിലാ ഇവൻ പഠിക്കണതെന്ന് അറിഞ്ഞിട്ടാ ഞാൻ ഇങ്ങോട്ടുവന്നത്. മാഷ് പറ. ആർക്കായാലും ഇതൊക്കെ സഹിക്കാൻ പറ്റ്വോ? റ്റീച്ചർക്ക് അറിയാം എന്റെ കുഞ്ഞിന്റെ കാര്യം. മരിച്ചിട്ടു ജീവിക്കണ കൊച്ചാ അവൻ. അതിനെയാണ്........" തികട്ടിവന്ന വാക്കുകൾ വിഴുങ്ങിയ അമ്മ കിതച്ചു. കണ്ണീരൊഴുക്കിനിന്നു.

"അമ്മ പറഞ്ഞതൊക്കെ നേരാ. എനിക്കറിയാം. റ്റീച്ചർ പറഞ്ഞിട്ടുണ്ട്. അഭിലാഷിന്റെ അമ്മ രാവിലെ വന്നിരുന്നു. അവരു മാപ്പും പറഞ്ഞിട്ടാ പോയത്." അജീഷ്മാഷ് സാന്ത്വനമെന്നോണം പറഞ്ഞു.

"ആർക്കുവേണം അവരുടെ മാപ്പ്? എനിക്കു പേടിയാ. ഇനിയും ഇവൻ എന്റെ കുഞ്ഞിനെ....." അഭിലാഷിനെ കടുപ്പിച്ചുനോക്കിയിട്ടു താക്കീതിന്റെ മട്ടിൽ പറഞ്ഞു: "ഇനി നീ എന്റെ കുഞ്ഞിനെ എന്തെങ്കിലും ചെയ്യ്വോ? ചെയ്താൽ......."

"ഇല്ല. ഞാനൊന്നും ചെയ്യില്ല."



"എന്നാൽ നിനക്കു നല്ലത്. അല്ലെങ്കിൽ......" നിമിഷ റ്റീച്ചർക്കുനേരേ തിരിഞ്ഞിട്ടു തുടർന്നു: "എന്റെ കുഞ്ഞിനെ പുറത്തുവിടുമ്പോൾ എന്റെയുള്ളിൽ തീയാ റ്റീച്ചറേ. വയ്യാത്ത കുഞ്ഞല്ലേ അവൻ......"

"അനന്തു വയ്യാത്ത കുട്ടിയാന്ന് എനിക്കറിയില്ലായിരുന്നു ആന്റീ." അഭിലാഷ് വിങ്ങിപ്പൊട്ടിപ്പോയി. അവൻ കൈകൾ കൂപ്പി പറഞ്ഞു: "ഞാൻ അറിയാതെയാ. ക്ഷമിക്കണം."

ആ നിമിഷം അമ്മ അലിഞ്ഞുപോയി. അവർ അഭിലാഷിന്റെ കൂപ്പിയ കൈകൾ കൂട്ടിപ്പിടിച്ചു. അവനെ ചേർത്തുപിടിച്ചു. കണ്ണീരണിഞ്ഞ മുഖത്ത് ഉമ്മവച്ചു. "മോനേ, സാരോല്യാ. അറിയാതെയല്ലേ. എന്റെ കുഞ്ഞ് വയ്യാത്തതാ. അതുകൊണ്ടാ...... മോൻ കരയല്ലേ." അനന്തുവിന്റെ അമ്മയും അഭിലാഷും ഒന്നിച്ചുകരഞ്ഞു. മാഷും റ്റീച്ചറും നിർന്നിമേഷരായി അതു നോക്കിനിന്നു. പിന്നെ റ്റീച്ചർ അമ്മയുടെ ചുമലിൽ തൊട്ടുപറഞ്ഞു: "കരയാതെ."

"ഇല്ല റ്റീച്ചർ, ഞാൻ കരയണില്ല." അവർ മുഖം തുടച്ചു.

"അഭിലാഷ് പോയി മുഖം കഴുകിയിട്ടു വാ." മാഷ് അവനെ പറഞ്ഞയച്ചു.

"എല്ലാരും പിള്ളേരല്ലേ? എനിക്കറിയാം. അവനു വിഷമമായിക്കാണും. എന്റെ കുഞ്ഞും അവനെ അടിച്ചതാണല്ലോ."

മാഷും റ്റീച്ചറും അവരെ സമാധാനിപ്പിച്ചു. അങ്ങനെയൊക്കെ സംഭവിച്ചുപോയി. അനന്തുവിനെ അഭിലാഷ് വട്ടപ്പേരിട്ടു വിളിച്ചു. അപ്പോൾ അവൻ ഒന്നടിച്ചു. പിന്നെ തിരിച്ചടിയായി. ഒടുവിൽ കൺതടം വീർത്തും മുഖം വീങ്ങിയുമൊക്കെയാണ് അനന്തു വീട്ടിലെത്തിയത്.

അഭിലാഷ് മുഖം കഴുകി തിരിച്ചെത്തിയപ്പോഴേക്കും അമ്മ ചിരിച്ചു വർത്തമാനം പറയാൻ തുടങ്ങിയിരുന്നു. അവർ അവനെ അരികിൽ വിളിച്ച് നെറുകയിൽ ഉമ്മവച്ചു. തോളിൽ സ്നേഹത്തോടെ തട്ടി. മാഷ് അവനെയുംകൂട്ടി ക്ലാസ്സിലേക്കു നടക്കുമ്പോഴും അമ്മ റ്റീച്ചറോട് വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. മഴമാറി മാനം തെളിഞ്ഞ മുഖമായിരുന്നു അമ്മയ്ക്ക്. മലപോലെ വന്നത് എലിപോലെ പോയതിന്റെ റ്റീച്ചർ പുഞ്ചിരിച്ചുനിന്നു. ■


# ദിലീപിനെ ഇനി ആരു രക്ഷിക്കും?




**ദി**ലീപിനെ ഇനി ആരു രക്ഷിക്കും? ദിലീപിന്റെ ഏറ്റവും പുതിയ സിനിമയായ പവി കെയർ ടേക്കർ കണ്ടിറങ്ങിയപ്പോൾ മനസ്സിൽ ഉയർന്നുവന്ന ആദ്യ ചോദ്യവും സംശയവുമാണ് മുകളിലെഴുതിയത്. ഈ സിനിമ തന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണെന്നും സിനിമകളിലൂടെ മറ്റുള്ളവരെ പൊട്ടിച്ചിരിപ്പിച്ച താൻ ഇക്കഴിഞ്ഞ കുറെ വർഷങ്ങളായി കരയുകയായിരുന്നുവെന്നും പ്രസ്തുത ചിത്രത്തിന്റെ ഓൺലൈൻ പ്രമോഷൻ വേളകളിൽ ദിലീപ് പറഞ്ഞിരുന്നു.

ശരിയാണ്. ലൈംഗികപീഡനവിവാദങ്ങളിൽ ആരോപണവിധേയനായതിനുശേഷം ഉടൻ പുറത്തിറങ്ങിയ രാമലീല എന്ന ചിത്രമൊഴികെ ഇക്കഴിഞ്ഞ വർഷങ്ങളിൽ ദിലീപിന്റെ ഒരു ചിത്രവും സാമ്പത്തികവിജയം കൈവരിച്ചിരുന്നില്ല. കേശു ഈ വീടിന്റെ നാഥൻ, വോയ്സ് ഓഫ് സത്യനാഥൻ, ബാന്ദ്ര, തങ്കമണി എന്നിവയായിരുന്നു ദിലീപിന്റേതായി അടുത്തകാലത്തു പുറത്തിറങ്ങിയ ചിത്രങ്ങൾ.

ഈ ചിത്രങ്ങളിൽ ശരാശരി വിജയം എന്ന് അവകാശപ്പെടാൻ കഴിയുന്നത് വോയ്സ് ഓഫ് സത്യനാഥൻമാത്രമായിരുന്നു. അതുപോലും പറയാൻ പറ്റുന്ന വിജയമായിരുന്നില്ല എന്നതു വേറേകാര്യം. ദീർഘകാലസുഹൃത്തായ നാദിർഷായുടെ സംവിധാനത്തിൽ മികച്ച നടി ഉർവശിക്കൊപ്പം മേക്കോവർ നടത്തി അഭിനയിച്ച കേശു ഈ വീടിന്റെ നാഥൻ ടൈറ്റിലിന്റെ പേരിൽത്തന്നെ വിവാദമായിരുന്നു. കൊവിഡ് കാലത്ത് ഒടിടിയിൽ പുറത്തിറങ്ങിയ ചിത്രമായിരുന്നിട്ടുകൂടി ആ ചിത്രം ഒരനക്കവും കേൾപ്പിച്ചില്ല. പേരുദോഷം വരുത്തിവയ്ക്കുകയും ചെയ്തു.





ചിരി പാളിപ്പോയെന്നു തോന്നിയപ്പോൾ ആക്ഷൻ ഹീറോയായി മാറാനുള്ള ശ്രമങ്ങളാണ് തങ്കമണിയിലും ബാന്ദ്രയിലും ദിലീപ് നടത്തിയത്. അതും പീറ്റിപ്പോയി. ഏറ്റവും ഒടുവിലിതാ പവി കെയർടേക്കറും.

ദിലീപ് എന്ന നടനെക്കാൾ വ്യക്തിപരമായി ഈ സിനിമയിലേക്ക് ആകർഷിച്ചത് സംവിധായകന്റെ പേരായിരുന്നു; വിനീത്കുമാർ. അയാൾ ഞാനല്ല, ഡിയർ ഫ്രണ്ട് എന്നീ ചിത്രങ്ങളിലൂടെ സംവിധായകമുദ്ര പതിപ്പിച്ച സംവിധായകൻ. ഈ രണ്ടു ചിത്രങ്ങളും സാമ്പത്തികവിജയമായിരുന്നില്ല എന്നതു സമ്മതിച്ചു. പക്ഷേ, സംവിധായകന്റെ മുദ്ര അതിലുണ്ടായിരുന്നു. ഡിയർ ഫ്രണ്ട് ഒടിടിയിൽ ശ്രദ്ധിക്കപ്പെട്ട സിനിമയുമായിരുന്നു.

തങ്കമണിയിലും ബാന്ദ്രയിലും അണിഞ്ഞ വേഷം അഴിച്ചുവച്ച് സാധാരണക്കാരനായി ദിലീപ് വിനീത് കുമാറിന്റെ സംവിധാനത്തിൽ നടിക്കുമ്പോൾ അതിലെന്തെങ്കിലും പുതുമയുണ്ടാവുമെന്നു കരുതിയതിൽ പ്രേക്ഷകനെ പഴിക്കാനാവില്ല. പക്ഷേ, സംഭവിച്ചത് നേർവിപരീതമായിരുന്നു. ഒന്നോ രണ്ടോ വാക്കുകളിൽ പറയുമ്പോൾ രസകരമായ ഒരു കഥയായി തോന്നാമെങ്കിലും തിരക്കഥയിലെ പാളിച്ചകളും അതു വരുത്തിവച്ച അസ്വാഭാവികതകളും ചിത്രത്തിന്റെ പരാജയകാരണമായി.

ഒരേ വീട്ടിൽ രണ്ടുനേരങ്ങളിൽ അന്തിയുറങ്ങുന്നവരാണ് നായികയും നായകനുമെന്നതും അവർ ഒരിക്കൽപ്പോലും കണ്ടുമുട്ടുന്നില്ലെന്നതും ഈ കാലത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുമ്പോൾ അതിൽ അസ്വാഭാവികതയുടെ ചവർപ്പു കൂടുതലായുണ്ട്. അല്ലെങ്കിൽ ഇതേ കഥയെ മൊബൈലിനുമുമ്പുള്ള ഒരു കാലത്തായി അവതരിപ്പിച്ചിരുന്നുവെങ്കിൽ പിന്നെയും ഭേദപ്പെടുമായിരുന്നു. ഇഷ്ടമുള്ള ആളെ കാണാൻ ഇന്നെത്രയോ വഴികൾ സുലഭമായുള്ളപ്പോഴാണ് അത്തരം വഴികളൊന്നും സാധ്യമാവുന്നില്ലെന്ന മട്ടിൽ അവതരിപ്പിക്കുന്നത്.

ബഹദൂറിന്റെയും അടൂർഭാസിയുടെയും കാലത്ത് പഴത്തൊലിയിൽ തെന്നിവീഴുന്നതായിരുന്നു ഏറ്റവും വലിയ ചിരി. ഇപ്പോൾ അത്തരത്തിലുള്ള ചിരി ഒരു സിനിമയിലും കാണില്ല. കാരണം, അത്തരത്തിലുള്ള ചിരിയുടെ കാലം കഴിഞ്ഞു. അതേ കാര്യംതന്നെയാണ് ദിലീപിന്റെ തമാശകൾ ഇപ്പോൾ കാണുമ്പോൾ അനുഭവപ്പെടുന്നത്. പക്ഷേ, ഇപ്പോഴും അതേ സ്റ്റോക്കുതന്നെയാണ് തന്റെ കൈയിലുള്ളതെന്നാണ് പവി കെയർടേക്കർ സിനിമയിലെ ചില കോമഡി സീനുകളിലൂടെ ദിലീപ് ആവർത്തിച്ചു വ്യക്തമാക്കുന്നത്. അതിനേറ്റവും മികച്ച തെളിവാണ് ഫ്ളാറ്റിൽ കയറിക്കൂടിയ മരപ്പട്ടിയെ പിടികൂടാനുള്ള ശ്രമങ്ങൾ.

ദിലീപിന്റെ സോളോഹിറ്റ് എന്ന് അവകാശപ്പെടാൻ കഴിയുന്ന ഈ പറക്കും തളിക സിനിമയിലെ ടോം ആന്റ് ജെറി കാർട്ടൂണിനെ ഓർമ്മിപ്പിക്കുന്നവിധത്തിലുള്ള, തീയറ്ററുകളിൽ പൊട്ടിച്ചിരി ഉണർത്തിവിട്ട ആ സീനുകളാണ് ഇവിടെ ആവർത്തിച്ചിരിക്കുന്നത്. എന്നാൽ, ആ രംഗങ്ങൾ കണ്ട് ആരെങ്കിലും ചിരിച്ചോ? ഒരുപക്ഷേ, ദിലീപ് മാത്രം ചിരിച്ചുകാണും. എന്നാൽ, തീയറ്ററിൽ ആരും ആ ചിരിക്കു കൂട്ടുപോയിട്ടില്ല. പവി കെയർടേക്കർ പോലെയുള്ള സിനിമകളിലെ ദിലീപിന്റെ കോമഡികൾ കാണുമ്പോൾ ആ പഴയ കവിതാശകലം ഓർമവരുന്നു: 'പാണ്ടൻനായയുടെ ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല.'

മോഹൻലാൽ ഉൾപ്പെടെയുള്ള പ്രതിഭാധനന്മാർ മാറുന്ന കാലത്തിനനുസരിച്ചു കഥാപാത്രങ്ങളെ സ്വീകരിക്കാതെ വരുമ്പോഴാണ് അക്കാര്യത്തിൽ മമ്മൂട്ടി എന്ന നടൻ കാണിക്കുന്ന സാഹസികതകൾ അദ്ഭുതപ്പെടുത്തുന്നത്. ഇക്കഴിഞ്ഞ കാലത്തിനിടയിൽ മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രങ്ങൾ എല്ലാംതന്നെ സ്റ്റാർഡം മാറ്റിവച്ചവയായിരുന്നു. എന്നാൽ, നായകനാണോ, പാട്ടും ഫൈറ്റും റൊമാൻസും വേണമെന്നു നിർബന്ധമുള്ളതുപോലെയാണ് മറ്റു നടന്മാരുടെ ചെയ്തികൾ. സാധാരണക്കാരനായ, നാല്പതുവയസ്സിനു മീതെ പ്രായമുള്ള പവിയെ സൂപ്പർഹീറോയാക്കുന്ന വിധത്തിലുള്ള ചിത്രീകരണങ്ങളും സിനിമയിലുണ്ട്.

തടിമാടന്മാരായ എത്ര പേരോടാണ് പവി ഏറ്റുമുട്ടുന്നത്. നായകനാണെങ്കിൽ വീരനായകപരിവേഷം കാണണമെന്നും അയാൾ രക്ഷകനായിരിക്കണമെന്നും ദിലീപിനു നിർബന്ധമുണ്ടായിരിക്കണം. അതൊരുപക്ഷേ, സംവിധായകന്റെയോ തിരക്കഥാകൃത്തിന്റെയോ സംഭാവനയാണെന്നു കരുതാനുമാവില്ല. നിർമാതാവും നായകനുമായ ദിലീപിന്റെ കൈകടത്തൽ തന്നെയാവും അവയെല്ലാം. പ്രണയിച്ച പ്രണയങ്ങളെല്ലാം സാക്ഷാത്കാരം നേടേണ്ടവയാണെന്നതും ക്ലീഷേയാണ്.

ഉദ്യാനപാലകൻ എന്ന പേരിലുള്ള ലോഹിതദാസിന്റെ ഒരു മമ്മൂട്ടിച്ചിത്രമുണ്ട്. തന്നെക്കാൾ പ്രായക്കുറവുള്ള പെൺകുട്ടിയെ സ്നേഹിക്കുന്ന ഒരു റിട്ടയേർഡ് മിലിട്ടറിക്കാരന്റെ കഥയാണത്. ആ പ്രണയം സാക്ഷാത്കരിക്കപ്പെടുന്നില്ല. സ്വാഭാവികമായും അയാളുടെ ഉള്ളിലെ വേദനയും നഷ്ടബോധവും പ്രേക്ഷകനനുഭവിക്കാൻ കഴിയും. അതുപോലെയുള്ള ഒരു തിരസ്കരണത്തിലൂടെയാണ് പവിയും കടന്നുപോയിരുന്നതെങ്കിൽ അതു പ്രേക്ഷകനുകൂടി നോവായി മാറുമായിരുന്നു. ഒരു സിനിമ കണ്ടിട്ട് അതുപോലെ ഈ സിനിമയും ചെയ്യണമെന്നു പറയുന്നതു ശരിയല്ലെന്നറിയാം. അത് ഓരോ കഥാകൃത്തിന്റെയും സംവിധായകന്റെയും തീരുമാനവുമാണ്. പക്ഷേ, പറഞ്ഞുവന്നത് എല്ലാ പ്രണയങ്ങളും സാക്ഷാത്കരിക്കപ്പെടണം എന്ന ചിന്തയിൽനിന്ന് ദിലീപിനു പുറത്തുകടക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്നാണ്, മാറിച്ചിന്തിക്കാനോ മാറി അഭിനയിക്കാനോ അദ്ദേഹത്തിനു കഴിയുന്നില്ല എന്നാണ്. ഒരേ രീതിയിൽ എന്നും അഭിനയിച്ചും ഒരേ രീതിയിൽ കഥാപാത്രങ്ങളെ അവതരിപ്പിച്ചും മുന്നോട്ടുപോകാമെന്നാണു ദിലീപ് കരുതുന്നത്. ആ ധാരണകൾ അബദ്ധങ്ങളാണെന്നാണ് ഇക്കഴിഞ്ഞ കാലത്തെ ചലച്ചിത്രസാഹസങ്ങൾ വ്യക്തമാക്കിക്കൊണ്ടിരിക്കുന്നത്, അതു പ്രേക്ഷകർക്കും അറിയാം, സിനിമാലോകത്തിനും അറിയാം. എന്നാൽ, സ്റ്റാർഡം തലയ്ക്കു പിടിച്ചിരിക്കുന്ന നായകനറിയില്ല.

ദിലീപിനെ നല്ല രീതിയിൽ അവതരിപ്പിച്ച സംവിധായകർക്കും ചുവടുകൾ പിഴച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യവും പറയാതെവയ്യ. ദിലീപിനെ സൂപ്പർസ്റ്റാർ പരിവേഷത്തിലേക്കു കൈപിടിച്ചുയർത്തിയ ലാൽ ജോസ് എന്ന സംവിധായകൻതന്നെ ഉദാഹരണം. മീശമാധവനും ചാന്തുപൊട്ടും ഓർമിക്കുമല്ലോ. ഇപ്പോൾ ലാൽജോസിന് തന്റെ പഴയ ഇമേജ് നിലനിർത്താൻ കഴിയുന്നില്ല. മ്യാവൂ, സോളമന്റെ തേനീച്ചകൾപോലെയുള്ള ചിത്രങ്ങൾ ചെയ്ത് അദ്ദേഹം അടിപതറി നില്ക്കുകയാണ്. രാമലീലവഴി തനിക്കു പുനർജീവൻ നല്കിയ അരുൺ ഗോപിയുമായി ബാന്ദ്രയിൽ കൈകൊടുത്തുവെങ്കിലും അതു ദിലീപിനു ശരിയായില്ല. ഉടൽ സിനിമയുടെ സംവിധായകൻ തങ്കമണി നല്കിയപ്പോഴും ദിലീപിന് പ്രതീക്ഷയുണ്ടായിരുന്നിരിക്കണം. പക്ഷേ, തഥൈവ. അതുകൊണ്ടുതന്നെ, ആദ്യം ചോദിച്ച ആ ചോദ്യം വീണ്ടും ചോദിക്കേണ്ടിവരുന്നു. ദിലീപിനെ ഇനി ആരു രക്ഷിക്കും? ഇനിയെന്നാണ് ദിലീപിന് ഒരു ഹിറ്റ് സമ്മാനിക്കാൻ കഴിയുക?

■ ■

# സുഗന്ധം പരത്തുന്ന കഥകൾ

സാഹിത്യവിചാരം
ഡോ. തോമസ് സ്കറിയ



ചെറുകഥ, മറ്റേതൊരു സാഹിത്യരൂപത്തെയും പോലെ, അത് എഴുതപ്പെടുന്ന കാലഘട്ടത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നു, എന്നാൽ, കെട്ടുകഥകൾ, മൃഗകഥകൾ, യക്ഷിക്കഥകൾ, അന്യാപദേശം തുടങ്ങി കഥയുടെ മുന്നോടിയായിട്ടുള്ള മറ്റു നിരവധി കഥാകഥനസമ്പ്രദായങ്ങളുടെ സമ്മിശ്രത സംരക്ഷിക്കാനും എപ്പോൾ വേണമെങ്കിലും ഓർമിപ്പിക്കാനും ചെറുകഥയ്ക്ക് ഒരു അതുല്യമായ കഴിവുണ്ട്. വ്യക്തിഗതമായിരിക്കെത്തന്നെ ചെറുകഥകൾ അവയുടെ മുൻഗാമികളുമായുള്ള അടുപ്പം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാൽ, ഈ വിഭാഗത്തിന്റെ ഒരു കൃത്യമായ നിർവചനം മിക്കവാറും അസാധ്യമാണ്. നിർവചനമാകാവുന്ന ഒരു സംഗ്രഹവാക്യത്തിനും സാധ്യമായ കഥാഗണങ്ങളുടെയും കഥനങ്ങളുടെയും സമീപനങ്ങളുടെയും വൈവിധ്യം ഉൾക്കൊള്ളാൻ കഴിയില്ല. തൽഫലമായി, ചെറുകഥയുടെ രൂപത്തെക്കുറിച്ചുള്ള ഒരു സിദ്ധാന്തവും നിലവിലില്ല. കഥയുടെ ഭൂരിഭാഗം വിവരണങ്ങളും വാഷിങ്ടൺ ഇർവിങ്, എഡ്ഗാർ അലൻ പോ, നഥാനിയൽ ഹാഥോൺ എന്നിവരെപ്പോലുള്ള കഥാഭ്യാസികളിൽനിന്നാണു വന്നത്. കൂടാതെ, അവരുടെ പക്ഷപാതത്തെക്കുറിച്ചും കാഴ്ചപ്പാടിന്റെ അപൂർണതയെക്കുറിച്ചും വ്യക്തമായ സൂചനകൾ അവയ്ക്കൊപ്പം ഉണ്ടായിരുന്നു. ശ്രദ്ധാപൂർവം രചിക്കുന്ന ചെറുകഥയുടെ ആധുനികരൂപം വേറിട്ട ഒരു വിഭാഗത്തെ പ്രതിനിധീകരിക്കുന്നു. എന്നിരുന്നാലും അതിനെ നിർവചിക്കാൻ ഒരൊറ്റ പദവുമില്ല, ചെറുകഥയെ നിർവചിക്കാൻ പുറപ്പെടുന്ന ഏതൊരാളും ഒട്ടൊന്നു പതറിപ്പോകും. ഒന്നാമതായി, സാദൃശ്യം പറയാവുന്ന പദാവലികൾക്കെല്ലാം അടിസ്ഥാനപരമായി കഥയുമായി ചില പ്രശ്നങ്ങളുണ്ട്. മലയാളത്തിൽ കഥയ്ക്കുണ്ടായിട്ടുള്ള ഏറ്റവും മൗലികമായ നിർവചനം എം. അച്യുതൻ നൽകിയ കാമരൂപമായ കല എന്നതാണ്. വളരെ ശ്രദ്ധാപൂർവം രൂപകല്പന ചെയ്ത കഥകൾക്ക് സമാനപദത്തിന്റെ ഉപയോഗമല്ല ഉള്ളതെങ്കിലും അവയ്ക്കും കഥകൾ എന്നു വിളിക്കപ്പെടാൻ അർഹതയുണ്ട്, കാരണം, എഴുത്തുകാരൻ അവതരിപ്പിക്കുന്ന വിഷയം ഒരു മനുഷ്യനു പറയുന്നയാളുടെ ബോധം നൽകുന്നു.

ഗദ്യത്തിലെഴുതുന്ന ആഖ്യാനസാഹിത്യത്തിന് ഫിക്ഷൻ എന്ന പേരു പറയുന്നു. യഥാർഥ വ്യക്തികളുടെയോ സാമൂഹികജീവിതത്തിന്റെയോ ഏതെങ്കിലും പ്രത്യേക സംഭവങ്ങളുടെയോ സംഭവപരമ്പരകളുടെയോ കൃത്യമായ പുനർനിർമാണമല്ലാത്ത മനുഷ്യജീവിതത്തിന്റെയും സമൂഹത്തിന്റെയും ആവിഷ്കാരമാണത്. ചരിത്രപരമായ കൃത്യതയിൽനിന്നുള്ള വ്യതിയാനം ചെറുതായിരിക്കാം അല്ലെങ്കിൽ വളരെ വിദൂരത്തിലേക്കു വ്യാപിച്ചേക്കാം. എന്നാൽ, കഥയെ ചരിത്രപരമായ വിവരണങ്ങളുടെ വിഭാഗത്തിൽനിന്ന് ഒഴിവാക്കുന്നതിനു മതിയായ കാരണങ്ങൾ നൽകണം. തീർച്ചയായും, ചരിത്രങ്ങൾ എന്നു വിളിക്കപ്പെടുന്ന പലതും യഥാർഥത്തിൽ കഥകളാണ്; കൂടാതെ, പല ചരിത്രനോവലുകളും കൃത്യമായ ചരിത്രരേഖകളേക്കാൾ ചരിത്രമെന്ന നിലയിൽ വിലപ്പെട്ടതുമാണ്. എന്തായിരിക്കും ചരിത്രവും കഥയും തമ്മിലുള്ള വ്യത്യാസമെന്നു ചോദിച്ചാൽ കഥയുടെ അവസാനസന്ദർഭങ്ങളിൽ, എഴുത്തുകാരൻ കേവലം സത്യവും സങ്കല്പവും വേർപെടുത്തുന്നതിനുള്ള ബുദ്ധിമുട്ട് ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന വായനക്കാരന്റെമേൽ ആ ദൗത്യം ഏല്പിക്കുമെന്നതാണ്.

പ്രതിഭാധനന്മാരായ പുതിയ കഥയെഴുത്തുകാർക്ക് പ്രഫ. എം. അച്യുതൻ നൽകുന്ന ഒരു ഉപദേശമുണ്ട്. പുതിയ കാലത്തിന്റെ കഥയെഴുതുമ്പോൾ ജീവിക്കുന്ന മനുഷ്യരെ നിങ്ങൾ മുമ്പിൽ കാണണം. അങ്ങനെ കഥയെഴുതുന്ന പ്രതിഭാധനനായ ഒരു കഥാകൃത്ത് നമുക്കുണ്ട്, സോക്രട്ടീസ് കെ. വാലത്ത്. ജീവിതത്തിലെ ദുരന്തസന്ധികളെ അഭിമുഖീകരിക്കുന്ന മനുഷ്യരുടെ കഥകളാണ് അദ്ദേഹം ആവിഷ്കരിക്കുന്നത്. വീട്, കുടുംബം, നീതി, നന്മ എന്നിവയ്ക്ക് ഈ കഥാകൃത്ത് മുന്തിയ പരിഗണന നൽകുന്നു. ദുരന്തങ്ങളിൽ തളരുന്നവരെക്കാൾ അതിജീവനപാതയിലൂടെ സഞ്ചരിക്കുന്നവർക്കാണ് അദ്ദേഹത്തിന്റെ കഥകളിൽ ഇടം ലഭിക്കുന്നത്. സോക്രട്ടീസ് കെ. വാലത്ത് എന്ന കഥാകൃത്തിന് ചില നിഷ്കർഷകളുണ്ട്. കഥയെഴുത്ത് ഉത്തരവാദിത്വത്തോടെ ചെയ്യുന്ന ഒരു കാര്യമായിരിക്കണം. ഉത്തരവാദിത്വം വായനക്കാരോടാണ്. ഓരോ കഥയും താൻ എഴുതിയ മറ്റൊരു കഥയുടെ ആവർത്തനം ആവാതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. അദ്ദേഹത്തിന്റെ 13 കഥകളുടെ സമാഹാരമാണ് സാഹിത്യപ്രവർത്തകസഹകരണസംഘം കഥനം എന്ന പരമ്പരയിൽ പ്രസിദ്ധീകരിച്ച കഥ എന്ന ഗ്രന്ഥം. നിരവധി കഥാസമാഹാരങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. 'മദനെല്ലൂരിലെ പെൺപന്നികൾ' ആണ് ആദ്യ കഥാസമാഹാരം. പതിനഞ്ചു കഥകളുടെ സമാഹാരമാണ് കവചിതം. ന്യായവിധി, ജയഹേ, അപ്പൂപ്പൻ കൊന്ന മരം എന്നിവയാണ് മറ്റു ചില കഥാസമാഹാരങ്ങൾ. ആനന്ദലഹരി എന്ന ഒരു നോവലും സോക്രട്ടീസ് കെ. വാലത്ത് എഴുതിയിട്ടുണ്ട്.

സമൂഹത്തെക്കാൾ വ്യക്തിയിൽ കേന്ദ്രീകരിക്കുന്നവയാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ. സമൂഹത്തിലാണു വ്യാപരിക്കുന്നതെങ്കിലും വ്യക്തി എന്ന നിലയിൽ അനുഭവിക്കുന്ന ആന്തരികവും ബാഹ്യവുമായ സമ്മർദങ്ങളിലേക്കാണ് വായനക്കാരെ അദ്ദേഹം ആനയിക്കുന്നത്. ആഗസ്റ്റ് 15 എന്ന കഥയിലെ സ്ത്രീയും അവളെ പിന്തുടരുന്ന അജ്ഞാതനും തമ്മിലുള്ള സംഭാഷണത്തിലൂടെ ഭയത്തെ മാന്ത്രികമായി നിലനിർത്തുന്ന ആഖ്യാനതന്ത്രം ഈ കഥാകൃത്തിന്റെ കഥനവൈഭവത്തെ വെളിപ്പെടുത്തുന്നു. വെറുതെ ജീവിതത്തെ ആവിഷ്കരിക്കുന്നതല്ല ചെറുകഥയെന്ന് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ ഓർമിപ്പിക്കുന്നു.



സോക്രട്ടീസ് കെ. വാലത്ത്

ഇരുതലമൂരി എന്ന കഥ ഒരു രതിവിജ്ഞാനഗ്രന്ഥം എഴുതാൻ നിർബന്ധിതനാകുന്ന ജോസ്സാറിന്റെ അനുഭവങ്ങളെ ആവിഷ്കരിക്കുന്നു. അദ്ദേഹത്തിന് ഒരേയൊരു മകളേയുള്ളൂ, നീന. നീനയുടെ കല്യാണത്തിനു കേവലം ഏഴു ദിവസങ്ങൾക്കുമുമ്പാണ് അദ്ദേഹം അങ്ങനെ ഒരു തീരുമാനമെടുത്തത്. റിസ്കാണ് എന്നറിഞ്ഞുകൊണ്ടുതന്നെയാണ് അദ്ദേഹം അതിനു തുനിയുന്നത്. മകൾ അതു വായിച്ചിരിക്കണം. കാര്യങ്ങളെക്കുറിച്ച് ഒരേകദേശധാരണ നേടണം. തന്റെ ഗതി മരുമകനും വരരുത്. അതേ അദ്ദേഹത്തിന് ഉദ്ദേശ്യമുള്ളൂ. എന്നാൽ, നിരവധി പ്രശ്നങ്ങളാണ് അദ്ദേഹത്തിനു മുന്നിലുള്ളത്. കല്യാണത്തിനു നാലു ദിവസംമുമ്പേ അയാൾ കൈപ്പുസ്തകം പൂർത്തിയാക്കി. എങ്ങനെ അത് മകളിലേക്ക് എത്തിക്കുമെന്നതാണ് ഒരു പ്രധാന പ്രശ്നം. കൈയക്ഷരം മനസ്സിലാവുമല്ലോ. അതിനെന്താണു വഴി? ഡിടിപി എടുക്കാം. പരിസരത്തെങ്ങും കൊടുക്കാനാവില്ല. പഠിപ്പിച്ച പിള്ളേരുണ്ട്. ഒടുക്കം പത്തു കിലോമീറ്റർ അകലെയുള്ള ഡിടിപി സെന്ററിൽ കൊടുക്കാം എന്നു തീരുമാനിച്ചു. കൈയെഴുത്തുപ്രതി തന്റെ കിടപ്പുമുറിയിൽ ഭദ്രമായി വച്ചു. കണക്കുകൂട്ടലുകളെല്ലാം തെറ്റുന്നതാണ് പിന്നീടു കാണുന്നത്. വൈകുന്നേരമായപ്പോഴേക്കും അതിഥികൾ ഓരോരുത്തരായി വന്നു. ജോസ്സാറിന് കിടപ്പുമുറിയിൽ കയറാനേ സാധിച്ചില്ല. എന്നു മാത്രമല്ല, പത്തായപ്പുരയിൽ കിടന്നുറങ്ങേണ്ടിയും വന്നു. ഉറങ്ങി എണീറ്റപ്പോഴേക്കും കുട്ടിപ്പട കൈയെഴുത്തുപ്രതി പരസ്യപ്പെടുത്തിക്കഴിഞ്ഞിരുന്നു. ജോസ്സാർ അശ്ലീലസാഹിത്യകാരനായിത്തീർന്നപോലെയായി എന്നു പറഞ്ഞാൽ മതിയല്ലോ. സകലമുഖങ്ങളിലും പരിഹാസം, പുച്ഛം. നാട്ടിലും പാട്ടായി. ജോസ്സാർ അതൊന്നും വിഷയമാക്കാതെ ഉഷാറായി കല്യാണച്ചടങ്ങു നടത്തി. രതിസംബന്ധമായി എന്തു നല്ല കാര്യം ചെയ്താലും ദുരനുഭവമാണല്ലോ എന്നദ്ദേഹം ദുഃഖിച്ചു. കൈയെഴുത്തുപ്രതിയും കിട്ടിയില്ല. അതിനിടെ മകളും മരുമകനും ആദ്യത്തെ വിരുന്നിനു വന്നു. അന്നു രാത്രി മരുമകൻ കൈയെഴുത്തുപ്രതി ജോസ്സാറിനെ ഏല്പിച്ചിട്ടു പറഞ്ഞു, ഗ്രേറ്റ് പപ്പാ. പുസ്തകമാക്കി ഇറക്കിയിട്ട് കാര്യമില്ലെന്നും ഇത് വിഷ്വലായിട്ട് അവതിരുവരും മോഡലായി ചെയ്താലൊന്നാലോചിക്കുവാണെന്നും കൂടി കേട്ടപ്പോൾ അയാൾക്ക് ഒരു തലമെയക്കമുണ്ടായി. അയാൾ കണ്ടു, തന്റെ ഭാര്യയുടെയും മകളുടെയും രൂപങ്ങൾ പരസ്പരം ചേർന്ന് ഒറ്റ ഉടൽ. അതിനു പക്ഷേ, രണ്ടു തലകൾ ഉണ്ട്. ലാഘവത്തോടെ കഥ പറയുന്ന സോക്രട്ടീസ് കെ. വാലത്ത് ദുരനുഭവങ്ങളെ ചിരിയാക്കി മാറ്റുന്ന തന്ത്രം ഈ ആഖ്യാനത്തിൽ പരീക്ഷിക്കുന്നു.

ആനന്ദ്നഗറിലെ കാറ്റ് ആനന്ദൻമാഷിനു സംഭവിച്ച ദുരന്തത്തിന്റെമാത്രം കഥയല്ല. ആനന്ദ് നഗറിൽ വിരിഞ്ഞ കടുംനിറവും മാസ്മരസുഗന്ധവുമുള്ള പനിനീർപ്പൂക്കളുടെ കഥയും ആനന്ദൻ മാഷിന്റെ ദുരന്തത്തിനു കാരണക്കാരായവരുടെ വീഴ്ചയുടെ കഥയുംകൂടിയാണ്. കാര്യവും കാരണവും തേടാതെയും കാണാതെയും അറിയാതെയും സ്ഥിരീകരണം നടത്തുകയും ചെയ്യുന്നവർക്കിടയിൽ സത്യം വിറങ്ങലിച്ചുനിൽക്കുന്നു. പതിന്നാലുകാരിയായ ജെമ്മ എന്ന ജോലിക്കാരിയെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും നിരന്തരം ലൈംഗികോപയോഗത്തിനിരയാക്കി എന്ന പരാതിയിലാണ് താൻ ജയിലിലായതെന്നുപോലും അദ്ദേഹം സ്റ്റേഷനിലെത്തി ചാർജുഷീറ്റ് കേട്ടപ്പോഴാണ് അറിഞ്ഞത്. ചാനലുകളും പോർട്ടലുകളും ലോകമെങ്ങും വാർത്ത എത്തിച്ചു. സത്യാനന്തരകാലത്തെയും മാധ്യമങ്ങളുടെ വിചാരണയെയും വിമർശിക്കുന്ന ഒരു കഥകൂടിയായി ആനന്ദ്നഗറിലെ കാറ്റ് മാറുന്നുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യം ജയിൽപ്പുള്ളികളിൽ വലിയ മാറ്റം വരുത്തി. ജാമ്യം നേടി തിരിച്ചെത്തിയ ആനന്ദൻ മാഷിന്റെ വീട്ടിൽനിന്നുവരുന്ന സുഗന്ധത്താൽ അവിടെയെങ്ങും ഒരു ലാഘവത്വം അനുഭവപ്പെട്ടു. തടവുകാലം കഴിഞ്ഞു മാഷ് വന്നതോടെ പനിനീർച്ചെടികൾ തളിർത്തു. ആനന്ദൻ മാഷ് നിരപരാധിയാണെന്നും സമീപവാസികൾ പിതാവിനെ സ്വാധീനിച്ച് ഒപ്പുവയ്പിച്ചതാണെന്നും കുറിപ്പെഴുതിവച്ച് ജെമ്മ ആത്മഹത്യ ചെയ്തു. വർഷങ്ങൾ കഴിഞ്ഞ് മാഷിന്റെ വിയോഗമറിഞ്ഞ് എത്തിയവരിൽ പുരുഷന്മാർ ആ വീട്ടിൽനിന്നു മുറിച്ചുകൊണ്ടുപോയ കമ്പു നട്ട് വളർന്നു പൂത്ത് ആ പ്രദേശം മുഴുവൻ സുഗന്ധം പരന്നു. ആനന്ദൻമാഷിന്റെ വീട് പിന്നീട് ഇടിഞ്ഞുപൊളിഞ്ഞുപോയെങ്കിലും ആ പനിനീർച്ചെടികൾ ഓരോ വീട്ടിലും സുഗന്ധം പരത്തിക്കൊണ്ടിരുന്നു. അവിടങ്ങളിൽ ചെല്ലുന്നവർക്കെല്ലാം ആനന്ദം ലഭിച്ചു. അങ്ങനെ ആനന്ദനഗർ എന്ന പേരും ആ പ്രദേശത്തിനു ലഭിച്ചു. ആനന്ദം പകരുന്നവയാണ് സോക്രട്ടീസ് കെ. വാലത്തിന്റെ കഥകൾ. സത്യത്തിന്റെ സുഗന്ധം അതിൽ പ്രസരിക്കുന്നു.

വല്യപ്പാപ്പൻ കൊച്ചുമകന് അതിജീവനത്തിന്റെ പാഠം പറഞ്ഞുകൊടുക്കുന്ന ഒരു കഥ സോക്രട്ടീസ് കെ. വാലത്ത് എഴുതിയിട്ടുണ്ട്, കഥയുടെ പേര് പാമരം. കൊച്ചുമകനിൽ പ്രതിരോധസജ്ജീകരണത്തിനുതകുന്ന മനോനില രൂപപ്പെടുത്തുകയായിരുന്നു മർത്യാസ് അപ്പാപ്പന്റെ ലക്ഷ്യം. ഫാക്ടറിയിൽനിന്നു വിഷവാതകം ചോർന്നു എന്നു കേട്ടും ഒഴിഞ്ഞുപോകാനുള്ള അധികാരികളുടെ കല്പന മാനിച്ചും വീടു പൂട്ടിയും പൂട്ടാതെയും കിട്ടിയതൊക്കെ വാരിയെടുത്ത് പലായനം ചെയ്യുന്നവർക്കിടയിൽ മർത്യാസ് അപ്പാപ്പൻ വേറിട്ടു നിൽക്കുന്നു. പണ്ട് പൊന്തിവരുന്ന പ്രളയത്തിലും വീടൊഴിയാതെ പോരടിച്ചു ജയിച്ച അപ്പൻ ചീക്കുവാണ് മർത്യാസിന്റെ മാതൃകാപുരുഷൻ. മനോബലത്തിന്റെ ആദിമസൗന്ദര്യത്തെ ഈ കഥയിൽ കഥാകൃത്ത് ആവാഹിക്കുന്നു. ന്യായവിധി എന്ന കഥയാരംഭിക്കുന്നത് കിടപ്പുമുറിയുടെ ചുവരിലിരുന്ന് ഒരു പല്ലി അംബ്രോസ് ഇന്ന് രാത്രി ഈ വീടിനകത്തുവച്ചു കൊല്ലപ്പെടുമോ എന്നു ദൈവത്തോടു ചോദിക്കുന്ന സന്ദർഭത്തിലാണ്. പല്ലി, പാറ്റ, ചിലന്തി, ഈച്ച എന്നിവരുടെ സംഭാഷണങ്ങളിലൂടെ അംബ്രോസിന്റെയും ഭാര്യയുടെയും ഗൃഹാന്തരജീവിതത്തെ അവതരിപ്പിക്കുന്ന കഥയാണ് ന്യായവിധി. കുടുംബജീവിതത്തിന്റെ അന്തർലോകങ്ങൾ അവർക്കേ കാണാനാകുന്നുള്ളൂ. അതേസമയം, മനുഷ്യരെക്കാൾ നന്മ ജന്തുകഥാപാത്രങ്ങളിൽ കാണാം. അവർ കുടുംബജീവിതത്തെ നിരീക്ഷിക്കുന്നു, വായിക്കുന്നു, വ്യാഖ്യാനിക്കുന്നു. ചില സന്ദർഭങ്ങളിൽ ഇടപെടലിനു തുനിയുന്നു. സോക്രട്ടീസ് കെ. വാലത്തിന്റെ കഥകളോരോന്നും ഒന്നിനൊന്നു മികച്ചവയാണ്. ഓരോന്നും വായിച്ചുതന്നെ അനുഭവിക്കേണ്ടവയാണ്.

■

പാപ്പച്ചൻ കടമക്കുടി

നോവൽ 25

# ചക്രവർത്തിനി



പാർഷാൻദാഥായുടെ നിർദേശപ്രകാരം ഒളിസൈന്യത്തിലെ ഒരു പ്രധാനി കുതിരപ്പുറത്ത് അങ്ങകലെയുള്ള ഗ്രാമത്തിലെത്തി. സന്ധ്യ മയങ്ങാറായിരിക്കുന്നു. ആരെയും എങ്ങും കാണുന്നില്ല.

അപ്പോഴതാ ഗ്രാമവഴിയിലൂടെ ഒരാൾ എടുത്താൽ പൊങ്ങാത്തത്ര ഭാരമുള്ള കെട്ടുമായി വരികയാണ്. മുൾച്ചെടിക്കെട്ടാണ് ചുമടെന്നു തോന്നുന്നു.

"ഹേയ് സുഹൃത്തേ...!"

ആഗതന്റെ വിളികേട്ട ചുമട്ടുകാരൻ തിരിഞ്ഞുനോക്കി.

വിശപ്പും ദാഹവും കൊണ്ട് ആകെത്തളർന്ന ഒരു യുവാവ്. അയാൾക്കു നല്ല ക്ഷീണമുണ്ട്. ഒന്നും മിണ്ടാതെ താടിപൊക്കിയിട്ട് അയാൾ എന്താണെന്നൊരു ആംഗ്യം കാണിച്ചു.

"ഇതെന്തിനാ, ഈ മുൾച്ചെടിക്കെട്ട്?"

"ചന്തയിൽ കൊണ്ടുപോയി വിറ്റിട്ടെന്തെങ്കിലും വാങ്ങണം."

അയാളൊന്നു നിശ്വസിച്ചു. എന്നിട്ടു തുടർന്നു:

"രാവിലെമുതൽ ഇന്നേരം വരെ എല്ലുമുറിയെ പണിതിട്ടാ ഇത്രയെങ്കിലും കിട്ടിയത്."

കുതിരക്കാരന്റെ മുഖത്തൊരു ചിരിപരന്നു.

"ഇപ്പോ എന്താ നിങ്ങടെ പ്രശ്നം?"

കുതിരക്കാരൻ തന്നെ പരിഹസിക്കുന്നതുപോലെ യുവാവിനു തോന്നി. അല്പം ഗൗരവത്തോടെയാണ് അയാൾ പ്രതികരിച്ചത്:

"പ്രശ്നമേയുള്ളൂ. പണക്കാർക്ക് അതൊന്നും മനസ്സിലാകില്ല. ഞങ്ങൾ ഇവിടെക്കിടന്നു നരകിക്കുകയാണ്."

വേദന കടിച്ചിറക്കുന്നതു പോലെയാണ് അയാളുടെ സംസാരം.

അപ്പോൾ ആഗതൻ സൗമ്യമായി ചോദിച്ചു:

"ഇതിനെന്തു കിട്ടും?"

"എന്തെങ്കിലും ചില്ലറ കിട്ടും. അതുകൊണ്ട് ബാർളിയോ മറ്റോ വാങ്ങണം. വീട്ടിൽ എന്റെ പെങ്ങൾ വിശന്നിരിക്കുകയാണ്."

കുതിരക്കാരൻ വേഗത്തിൽ തന്റെ കൈവശമുള്ള സഞ്ചി തുറന്നു. രണ്ടുമൂന്നു സ്വർണനാണയങ്ങൾ അയാൾക്കു നൽകിയിട്ടു പറഞ്ഞു:

"ദാ, ഇതിരിക്കട്ടെ."

ചുമട്ടുകാരൻ യുവാവ് അദ്ഭുതപ്പെട്ടു.

"അയ്യോ... ജോലിയൊന്നും ചെയ്യാതെ പണം വാങ്ങുകയോ?"

"വെറുതെ വാങ്ങണ്ട. ഈ മുൾച്ചെടിക്കെട്ട് എനിക്കു വേണം. അതിന്റെ വിലയാ തന്നത്."

കുതിരക്കാരൻ യുവാവിന്റെ മനോവിഷമം പരിഹരിച്ചു.

"തല്ക്കാലം ഈ കെട്ട് നിന്റെ വീട്ടിലിരിക്കട്ടെ. നാളെ ഞാൻ വന്നു കൊണ്ടുപൊയ്ക്കോളാം."

ചുമട്ടുകാരനു മറുപടിയില്ലായിരുന്നു. അവരൊന്നിച്ച് വീട്ടിലെത്തി. മുൾച്ചെടിക്കെട്ട് അവിടെ ഒരിടത്തുവച്ചു.

അപ്പോൾ കുതിരക്കാരൻ ചോദിച്ചു:

"നിനക്കെന്തോ വാങ്ങാനുണ്ടെന്നല്ലേ പറഞ്ഞത്? കൂടെ ഞാനും വരാം ചന്തയിലേക്ക്. കുതിരപ്പുറത്ത് കയറിക്കോളൂ."

അയാൾ സൗമ്യമായി ക്ഷണിച്ചു.

മടിച്ചുമടിച്ചാണ് യുവാവ് കുതിരപ്പുറത്തു കയറിയത്.

പോകുംവഴി ജനങ്ങളുടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും രാജഭരണത്തിന്റെ ദോഷങ്ങളും എല്ലാം അവരുടെ ചർച്ചാവിഷയമായി.

ചന്തയിൽ നല്ല തിരക്കാണ്. എന്താണു വാങ്ങേണ്ടതെന്ന് യുവാവ് ശങ്കിച്ചു നിന്നു!

"വാങ്ങുന്നില്ലേ?"

ആഗതന്റെ അന്വേഷണം.

"പെങ്ങൾക്ക് ഈന്തപ്പഴത്തോട് വലിയ ഇഷ്ടമാ. അതു വാങ്ങിച്ചാലോന്നു ചിന്തിക്കുകയാ."

ചുമട്ടുകാരൻ പറഞ്ഞു.

"വാങ്ങിച്ചോ..."

"ങ്ങാ... പിന്നെ... നമുക്ക് ആ കടയിലൊന്നു പോയാലോ?"



കുതിരക്കാരൻ ചൂണ്ടിയേടത്തേക്കു യുവാവ് ശ്രദ്ധിച്ചു. ഒരു വീഞ്ഞുവില്പനശാല.

"അതൊരു വീഞ്ഞുകടയാ."

അയാൾ സംശയത്തോടെ കുതിരക്കാരനെ നോക്കി.

"അതിനെന്താ നിനക്കു വീഞ്ഞിഷ്ടമല്ലേ?"

യുവാവ് മറുപടി പറയാതെ ചിരിച്ചു. അവർ രണ്ടുപേരും കൂടെ ആ കടയിലേക്കു പോയി.

അവിടെനിന്നു കുറച്ചു വീഞ്ഞുകുടിച്ചു. പോരുമ്പോൾ കുറച്ചു വാങ്ങിക്കൊണ്ടുവരുകയും ചെയ്തു.

യുവാവിനെ തടഞ്ഞുകൊണ്ട് കുതിരക്കാരൻതന്നെയാണ് അതിനുള്ള പണമെല്ലാം നല്കിയത്.

പിന്നീട് വീട്ടിലേക്കു വേണ്ടതെല്ലാം വാങ്ങിച്ചു.

തിരിച്ചുപോരുമ്പോഴേക്കും ആ ചെറുപ്പക്കാരൻ മാനസികമായി പാർഷാൻദാഥായുടെ സംഘത്തിൽ അംഗമായിക്കഴിഞ്ഞിരുന്നു.

കുടിലിനു മുന്നിൽ കുതിരയെ നിർത്തി ചെറുപ്പക്കാരനെ അവിടെ ഇറക്കുമ്പോൾ കുതിരക്കാരൻ ഓർമിപ്പിച്ചു:

"ഗ്രാമത്തിലുള്ള ചെറുപ്പക്കാരോടൊക്കെ പറയൂ. നമ്മൾ അവരെ സഹായിക്കും. തിരിച്ചും ഇങ്ങോട്ടൊരു സഹായം. അത്രയേ ഉള്ളൂ."

"തീർച്ചയായും. അങ്ങു ധൈര്യമായി പോകൂ."

"ഞങ്ങടെ ദാരിദ്ര്യത്തിൽ കൈവന്ന ഭാഗ്യമാണിത്. ഞാനെല്ലാവരോടും പറഞ്ഞു സമ്മതിപ്പിച്ചോളാം."

യുവാവിന്റെ സ്വരം അത്യുത്സാഹത്തോൽ തിളച്ചു.

കുതിരക്കാരൻ വളരെ സന്തോഷത്തോടെ മടങ്ങിപ്പോയി.

ഇങ്ങനെ ദരിദ്രരെ ചൂഷണം ചെയ്തും എതിർഗോത്രങ്ങളുടെ രക്തം ചൂടുപിടിപ്പിച്ചും കൂടെ വരാത്തവരെ ഭയപ്പെടുത്തിയും പാർഷാൻദാഥായും കൂട്ടരും ഒളിസൈന്യത്തിന്റെ അംഗബലം കൂട്ടിക്കൊണ്ടിരുന്നു. പ്രഭുവീടുകളും വ്യാപാരസ്ഥലങ്ങളും പലപ്പോഴായി കൊള്ളയടിക്കപ്പെട്ടു.

നാട്ടിൽ നടക്കുന്ന കൊള്ളയെയും കൊള്ളിവയ്പുകളെയും കുറിച്ചുള്ള വാർത്തകൾ രഹസ്യാന്വേഷകർ കൊട്ടാരത്തിൽ അറിയിച്ചിരുന്നു.

ചിലരെയെല്ലാം പട്ടാളക്കാർ പിടിച്ചു ശിക്ഷിച്ചു. എന്നാൽ, അതിനു പിന്നിൽ സംഘടിതമായ ഒരു ശക്തിയാണെന്ന് പ്രധാന സചിവനും സേനാമേധാവിയും അറിഞ്ഞിരുന്നില്ല.

രഹസ്യതാവളത്തിനടുത്ത പെർസെപോളിസ് നഗരം ആക്രമിക്കാൻ പാർഷാൻദാഥാ തീരുമാനിച്ചു. പേർഷ്യാരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന വലിയ പട്ടണം.

എല്ലാവരും ഉറങ്ങുമ്പോൾ അവർ പട്ടണം വളഞ്ഞു.

രഹസ്യസേന വിവരം മണത്തറിഞ്ഞു.

വിവരം രാജകൊട്ടാരത്തിൽ എത്തിക്കാൻ കുതിരപ്പടയാളികൾ പാഞ്ഞു. പെർസെപോളിസിലുള്ള രാജസൈന്യത്തെ ഒരുക്കി നിറുത്തുകയും ചെയ്തു.

ആക്രമണവാർത്ത കേട്ട മഹാരാജാവ് കോപംകൊണ്ട് തിളച്ചു. അക്രമാസക്തരായ ശത്രുക്കളെ തുരത്താൻ മൊർദെക്കായിയോടു കല്പിച്ചു. കലഹത്തെക്കുറിച്ച് ജാഗരൂകരായിരിക്കാനും. വാർത്ത രഹസ്യമായി രാജ്യമെമ്പാടും അറിയിക്കാനും നിർദേശിച്ചു.

ഒരു വലിയ സമതലപ്രദേശത്തു സമ്മേളിക്കാൻ സേനയോട് മൊർദെക്കായ് ആജ്ഞാപിച്ചു.

അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സർവസൈന്യാധിപൻ അവരെ അഭിസംബോധന ചെയ്തിട്ടു പറഞ്ഞു:

"അല്ലയോ മഹാന്മാരേ, യോദ്ധാക്കളേ, ദൈവനിഷേധികളും പാപികളുമായ ആ ഹാമാന്റെ മക്കളുടെ പെരുമാറ്റം വളരെ മോശവും ഹീനവുമായതിനാൽ നമുക്ക് പെർസെപോളിസ് നഗരത്തിൽപ്പോയി അവർക്കെതിരേ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു."

മുപ്പത്തിമൂവായിരം ഭടന്മാർ വാളും കുന്തവും പതാകയും വീശി മുന്നോട്ടുനീങ്ങി. അത്രയും തന്നെ കുതിരപ്പടയും ഒട്ടകസൈന്യവും കുതിച്ചുപാഞ്ഞു. അതിനിടയിൽ മരുഭൂമിയിൽനിന്ന് എത്തിയവർ ഒട്ടകപ്പുറത്ത് നഗരത്തിലെ നിർണായകസ്ഥലങ്ങളിലേക്കു മുന്നേറാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

വിജ്ഞാനിയും വിവേകിയുമായ പ്രവിശ്യയുടെ ഭരണാധികാരി അട്ടിമറിക്കാര്യമറിഞ്ഞ ഉടനെ വിമതനേതാവിനെ നേരിൽ സന്ദർശിക്കാൻ രാജ്യപ്രതിനിധിയായി. മരുഭൂമിയിലെ കാറ്റിനെപ്പോലെ വേഗത്തിൽ സഞ്ചരിച്ച് ശത്രു നേതാവിന്റെ മുന്നിലെത്തി.

"മഹാരാജാവിന്റെ പ്രതിനിധി എന്ന നിലയിൽ അറിയിക്കുകയാണ്, രാജ്യം യുദ്ധത്തിനു തയ്യാറെടുത്തിരിക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ തലകൊയ്യാൻ രാജ്യത്തിന്റെ സേനയെത്തും. അതിനു മുമ്പ് കീഴടങ്ങിയാൽ ജീവൻ രക്ഷിക്കാം."

ഇതുകേട്ട് പാർഷാൻദാഥാ അലറി: "നിന്റെ രാജാവ് മണ്ണുതിന്നട്ടെ. വിജയിച്ചു സന്തുഷ്ടനായിട്ടല്ലാതെ ഞാനീ നഗരത്തിനു വെളിയിൽപ്പോകില്ല."

കൂടുതൽ കോപാക്രാന്തനായ അവൻ രഹസ്യതാവളത്തിൽ നിന്നു വീണ്ടും യുദ്ധവീരന്മാരെ കൊണ്ടുവരാൻ ദൂതരെ അയച്ചു.

ആ ദൗത്യം പരാജയപ്പെട്ടതോടെ നഗരത്തിലുണ്ടായിരുന്ന സൈന്യങ്ങളും ശത്രുക്കളും നേർക്കുനേർ എതിരിടാൻ തുടങ്ങി.

യുദ്ധം കൊടുമ്പിരിക്കൊണ്ടു.

നഗരത്തിലുണ്ടായിരുന്ന രാജസേനകൾ പിന്നോട്ടു പിന്നോട്ടു വലിയാൻ തുടങ്ങി.

രണ്ടു ഭാഗത്തും ആൾനാശമുണ്ടായി. ഔദ്യോഗികസേനയാണ് കൂടുതൽ ആപത്തിൽപ്പെട്ടത്.

നഗരം അഗാഗ്യരുടെ മുന്നിൽ വീണുപോകുമെന്ന ഘട്ടമെത്തി. അപ്പോഴേക്കും സർവസൈന്യാധിപൻ നയിക്കുന്ന പട്ടാളവ്യൂഹം നഗരകവാടത്തിലെത്തി.

കുതിരപ്പടയാളികൾ നാലുഭാഗത്തുനിന്നും നഗരത്തെ വളഞ്ഞു. അവരെ പിന്നിൽനിന്നു സഹായിക്കാൻ ഒട്ടകപ്പടയും സജ്ജമായി. വിശന്ന കടുവകളെപ്പോലെ കാലാളുകൾ നഗരത്തിനുള്ളിലേക്കും കുതിച്ചു. അകത്തുനിന്നും പുറത്തുനിന്നും രോഷത്തോടെ ആയുധങ്ങളുമായി ഇരുസൈന്യവിഭാഗങ്ങളും ശത്രുക്കളോടേറ്റുമുട്ടി.

യുദ്ധത്തിൽ ഒരുപാടു ശത്രുക്കൾ കൊല്ലപ്പെട്ടു. രാജസൈന്യം ധീരതയോടെ പോരാടി. അവരുടെ ശക്തമായ പോരാട്ടം തീവ്രവാദികളെ തുരത്താൻ സഹായിച്ചെങ്കിലും ധാരാളം യുദ്ധവീരന്മാരും തലവന്മാരും കൊല്ലപ്പെട്ടു.

യുദ്ധത്തിൽ തോറ്റവർ പലരും പലായനം ചെയ്തു. യുദ്ധം കൂടുതൽ മുറുകി. ശത്രുനിരയിലെ പ്രമുഖർ വധിക്കപ്പെടുകയോ പിടിക്കപ്പെടുകയോ ചെയ്തു.

സൈന്യം അവരുടെ രഹസ്യകേന്ദ്രത്തിലേക്കു കുതിച്ചുപാഞ്ഞു. എതിർത്തുനിന്നവരെല്ലാം വധിക്കപ്പെട്ടു. അല്ലാത്തവർ തടവുകാരായി. സ്ത്രീകളെയും കുട്ടികളെയും വെറുതെ വിട്ടു.

ഹാമാന്റെ പത്തു മക്കളെയും തടവുകാരാക്കി. പട്ടാളക്കാർ അവരെ അബോധാവസ്ഥയിലാകുംവരെ പൊതിരേ തല്ലി. പിന്നീടാണ് രാജാവിന്റെയടുത്ത് എത്തിച്ചത്.


പ്രദേശമാകെ വിജയവാദ്യങ്ങളുടെ ശബ്ദംകൊണ്ടും ആഘോഷങ്ങളുടെ ആരവംകൊണ്ടും മുഖരിതമായി. ചക്രവർത്തി സിംഹാസനത്തിലിരുന്നു. എസ്തേർ മഹാരാജ്ഞിയും മൊർദെക്കായിയും സൈന്യാധിപനും സഭയിലുണ്ട്. തടവുകാരെ വേദിയിൽ ഹാജരാക്കാൻ കല്പിച്ചു.

അഹസ്വേരുസ് മഹാരാജാവ് അവരോട് ആക്രോശിച്ചു:

ശേഷം 15-ാം പേജിൽ



# ഐ.എസ്.എൽ. സീസൺ കഴിഞ്ഞു; ഇന്ത്യ പുറകോട്ട്



**സനിൽ പി. തോമസ്**

ഇന്ത്യൻ സൂപ്പർ ലീഗ് എന്ന ഐ.എസ്.എൽ. പത്തു സീസൺ പൂർത്തിയാക്കി. കൊൽക്കത്ത സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ഞായറാഴ്ച നടന്ന കലാശക്കളിയിൽ മുംബൈ സിറ്റി എഫ്.സി. മോഹൻ ബഗാൻ സൂപ്പർജയന്റ്സിനെ പരാജയപ്പെടുത്തി(3-1)കിരീടംചൂടി. 2020-21 സീസണിൽ ചാമ്പ്യന്മാരായിരുന്ന മംബൈ ടീമിന്റെ രണ്ടാം കിരീടജയം. മുംബൈയുടെ ആദ്യചാമ്പ്യൻപട്ടം കൈവന്നതും ബഗാനെ തോല്പിച്ചായിരുന്നു. പക്ഷേ, അന്ന് എ.ടി.കെ. മോഹൻഗാൻ ആയിരുന്നു. കഴിഞ്ഞ സീസണിൽചാമ്പ്യൻമാരായതോടെ, ആരാധകരുടെ അഭ്യർഥന മാനിച്ച് മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് എന്നു പേരുമാറ്റിയ കൊൽക്കത്ത ടീം കിരീടം നിലനിർത്തുമെന്നായിരുന്നു പ്രതീക്ഷ. ഐ.എസ്.എൽ വിന്നേഴ്സ് ഷീൽഡ് അവർ നേടിയതുമാണ്. ഐ.എസ്.എൽ. ഫൈനലിൽ ഒരു ഗോളിനു ലീഡ് നേടിയശേഷമാണ് ബഗാൻ കളി കൈവിട്ടത്. ലീഗിലെ അവസാനമത്സരത്തിൽ ബഗാനോടു തോറ്റ് ലീഗ് വിന്നേഴ്സ് ഷീൽഡ് നഷ്ടപ്പെടുത്തിയ മുംബൈയുടെ മധുരപ്രതികാരം ലീഗ് റൗണ്ടിലെ നിർണായകമത്സരത്തിൽ 2-1 നായിരുന്നുബഗാന്റെജയം.ഐ.എസ്എൽ. ലീഗ്റൗണ്ടിൽ കൂടുതൽ പോയിന്റ് നേടുന്ന ടീമിനാണു ഷീൽഡ്. 22 മത്സരങ്ങളിൽ ബഗാൻ 48 പോയിന്റും മുംബൈ സിറ്റി 47 പോയിന്റുമാണു നേടിയത്.

മോഹൻ ബഗാൻ എന്ന പേര് ഇന്ത്യൻ ഫുട്ബോളിൽ ഒരു വികാരമാണ്. കൊൽക്കത്തക്കാർ ഹൃദയത്തിലേറ്റിയ നാമം. പക്ഷേ, 62,000 കാണികളെ നിരാശരാക്കിയ പ്രകടനമാണു ബഗാൻ ഫൈനലിൽ കാഴ്ചവച്ചത്. 2020-21 ലും ലീഡ് വഴങ്ങിയശേഷമാണ് മുംബൈ തിരിച്ചുവന്നതും കപ്പ് സ്വന്തമാക്കിയതും. മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് എന്ന പേരു സ്വീകരിച്ചശേഷം ക്ലബിന്റെ ആദ്യ ഐ.എസ്.എൽ. ഫൈനൽ എന്ന പ്രത്യേകതയുണ്ടായിരുന്നു.

2014 ലെ പ്രഥമ ഐ.എസ്.എലിലും പിന്നീട് 2016 ലും കൊൽക്കത്ത ടീം ചാമ്പ്യൻമാരായപ്പോൾ പേര് അത്‌ലറ്റിക്കോ ഡി കൊൽക്കത്ത എന്നായിരുന്നു. സ്പാനിഷ് ക്ലബ് അത്‌ലറ്റിക്കോ മഡ്രിഡിന് ഓഹരി പങ്കാളിത്തമുണ്ടായിരുന്നതിനാലാണ് പേര് ഇങ്ങനെയായത്. 2017 ൽ സഞ്ജീവ് ഗോയങ്ക സ്പാനിഷ് ക്ലബിന്റെ ഓഹരി വാങ്ങിയതോടെ പേര് എ.ടി.കെ. മോഹൻ ബഗാൻ ആയി. ബഗാന്റെ ഭൂരിഭാഗം ഓഹരികളും ഗോയങ്ക വാങ്ങി എ.ടി.കെയുമായി ലയിപ്പിക്കുകയായിരുന്നു. എ.ടി.കെ. മോഹൻബഗാനെ യഥാർഥ ബഗാൻ ആയി അംഗീകരിക്കാൻ ഫുട്ബോൾ പ്രേമികൾ തയ്യാറായില്ല. തുടർന്നാണ് മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് ആയതും ലക്ഷക്കണക്കിന് ആരാധകരിൽ ഭൂതകാല ഓർമകൾ ഉണർന്നതും.

ബഗാനോടുള്ള ആരാധനയിൽ മുംബൈ ടീമിന്റെ കരുത്ത് കുറച്ചു കാണേണ്ടതില്ല. അവർക്കിത് രണ്ടാം കിരീടം എന്നതിലുപരി അവർ 2021 ൽ കപ്പും ഷീൽഡും ഒരുമിച്ചു നേടിയിരുന്നു എന്നും ഓർക്കണം. ആകെ 26 മത്സരങ്ങളിൽ മുഖാമുഖം വന്നപ്പോൾ 12 തവണ മുംബൈ സിറ്റി ജയിച്ചു. ബഗാന്റെ വിജയം ഏഴുതവണ മാത്രം. ഏഴു സമനില.

**കേരള ബ്ലാസ്റ്റേഴ്സിന്റെ ഭാവി എങ്ങനെ?**

ഐ.എസ്.എൽ. പത്തു സീസൺ പിന്നിട്ടപ്പോൾ കേരളത്തിനു നഷ്ടത്തിന്റെ കഥകളാണു പറയാനുള്ളത്. കേരളത്തിന്റെ സ്വന്തം ടീമെന്നു പറയുന്ന കേരള ബ്ലാസ്റ്റേഴ്സ് ഇത്തവണ പ്രതീക്ഷയ്ക്കൊത്തുയർന്നില്ല. 2014 ലും 2016 ലും 2021 - 22 ലും ഫൈനലിൽ കടന്ന ടീമാണു ബ്ലാസ്റ്റേഴ്സ്. അതിലുപരി ടീമിന്റെ കോച്ചും കേരളത്തിലെ ഫുട്ബോൾ പ്രേമികളുടെ പ്രിയപ്പെട്ട ആശാനുമായ ഇവാൻ വുകോമാനോവിച്ച് പടിയിറങ്ങി എന്നതാണ് ഏറെ ദുഃഖകരം. കരാർ അവസാനിക്കാൻ ഒരു സീസൺകൂടി ബാക്കി നിൽക്കെയാണ് സെർബിയക്കാരനായ ഇവാൻ കളം വിടുന്നത്.

തകർന്നുകിടന്ന ബ്ലാസ്റ്റേഴ്സിന്റെ രക്ഷകനായി 2021 ലാണ് ഇവാൻ വുകോമാനോവിച്ച് കടന്നുവന്നത്. ചുമതലയേറ്റ ആദ്യവർഷംതന്നെ ടീമിനെ ഫൈനലിൽ എത്തിച്ചു. പിന്നെ, തുടരെ രണ്ടു സീസണിൽ പ്ലേ ഓഫും കളിച്ചു. കഴിഞ്ഞ സീസണിൽ ബംഗളൂരു എഫ്.സിക്കെതിരായ പ്ലേ ഓഫിൽ റഫറിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് ടീമിനെ കളിക്കളത്തിൽനിന്നു പിൻവലിച്ച് വുകോമാനോവിച്ച് ആരാധകരെ ഞെട്ടിച്ചു. 10 മത്സരങ്ങളിൽ അദ്ദേഹത്തെ പുറത്തിരുത്തി ക്ലബിന് വൻതുക പിഴ അടയ്ക്കേണ്ടിയും വന്നു. എന്നിട്ടും, ആശാനെ ആരാധകർ കൈവിട്ടില്ല. പുതിയ പരിശീലകനെ കണ്ടെത്തി ടീമിനെ കെട്ടുറപ്പുള്ളതാക്കുക എന്ന കനത്ത വെല്ലുവിളിയാണ് കേരള ബ്ലാസ്റ്റേഴ്സ് ടീം ഉടമകൾക്കു മുന്നിലുള്ളത്.

**ഇന്ത്യൻ ഫുട്ബോൾ പിന്നോട്ട്**

ഇന്ത്യൻ ഫുട്ബോളിനെ രക്ഷിക്കാൻ പ്രഫഷണലിസം ആവശ്യമാണ് എന്ന കണ്ടെത്തലിലാണ് ആദ്യം നാഷണൽ ലീഗും പിന്നീട് ഐ ലീഗും ഒടുവിൽ, 10 വർഷംമുമ്പ് ഐ.എസ്.എലും തുടങ്ങിയത് ഇപ്പോൾ ഐ ലീഗും ഐ.എസ്.എലുമായി രണ്ടു തലങ്ങളിൽ ഇന്ത്യയിൽ ലീഗ് ഫുട്ബോൾ നടക്കുന്നു. പക്ഷേ, ഫിഫയുടെ പുതിയ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം 122 ആണ്. കഴിഞ്ഞ വർഷം ഡിസംബറിൽ 102 ആയിരുന്നു. ഇക്കഴിഞ്ഞ മാർച്ചിൽ 106 ആയിരുന്നു റാങ്ക്. കഴിഞ്ഞ ഏപ്രിൽ നാലിന് ലോക കപ്പ് യോഗ്യതാമത്സരത്തിന്റെ രണ്ടാം പാദത്തിൽ അഫ്ഗാനിസ്ഥാനോടു തോറ്റതോടെയാണ് ഇന്ത്യ ഇത്രത്തോളം പിന്നിലായത്.

ഏഷ്യയിൽ ഇന്ത്യ ഇപ്പോൾ 22 -ാം സ്ഥാനത്താണ്. രണ്ടുതവണ ഏഷ്യൻ ഗെയിംസ് സ്വർണം നേടിയ ടീമിന്റെ അവസ്ഥയാണിത്. 1996 ഫെബ്രുവരിയിൽ നേടിയ 94-ാം റാങ്കാണ് ഇന്ത്യ കൈവരിച്ച മികച്ച റാങ്ക്. 2026 ലെ ലോകകപ്പ് യോഗ്യതയ്ക്ക് രണ്ടു മത്സരങ്ങൾ ബാക്കിയുണ്ടെങ്കിലും പ്രതീക്ഷയ്ക്കു വകയില്ല. ലോകകപ്പിൽ പങ്കെടുക്കുന്ന ടീമുകളുടെ എണ്ണം 48 ആയിട്ടും ഇന്ത്യയുടെ ഭാവി ശോഭനമല്ല.

പ്രഫഷണൽ ലീഗ് ഇന്ത്യയിൽ ആരാധകരെ ഉണർത്തിയെങ്കിലും കളിക്കാരെ ഉണർത്തിയിട്ടില്ല. സന്തോഷ് ട്രോഫിക്ക് കാണികൾ കുറവാണെങ്കിലും ഐ.എസ്.എലിൽ പല മത്സരങ്ങളിലും ഗാലറി നിറഞ്ഞു. ഇക്കുറി കൊൽക്കത്തയിൽ നടന്ന ഫൈനൽ തന്നെ ഏറ്റവും നല്ല ഉദാഹരണം. കാണികൾ ഉൾക്കൊണ്ട ആവേശം എന്തുകൊണ്ട് കളിക്കാർ ഏറ്റുവാങ്ങുന്നില്ല? സുനിൽ ഛേത്രി വിരമിക്കുന്നതോടെ ഇന്ത്യൻ ടീമിൽ വലിയൊരു ശൂന്യതയാകും ദൃശ്യമാകുക.

■

# ചക്രവർത്തിനി

11-ാം പേജ് തുടർച്ച

''വഞ്ചകരേ! എന്തിനാണ് എന്റെ രാജ്യത്ത് അന്തഃച്ഛിദ്രമുണ്ടാക്കിയത്?''

അവർ ഭയംമൂലം തലകുനിച്ച് മൗനമായിനിന്നു. ശിക്ഷ വിധിക്കാൻ രാജാവ് രാജ്ഞിയെ ചുമതലപ്പെടുത്തി. കല്പന കാത്ത് രാജസഭ നിശ്ശബ്ദമായി.

രാജ്ഞി അത്യധികം ഗൗരവത്തോടെ ആജ്ഞാപിച്ചു:

''പേർഷ്യാസാമ്രാജ്യത്തിനെതിരേ, അവിടത്തെ നിരപരാധികളാജനങ്ങൾക്കെതിരേ പ്രവർത്തിക്കുന്നവർ ആരായാലും അവർ വധശിക്ഷയ്ക്കർഹരാണ്. പാപികളുടെ രക്തം വീണാൽ ഭൂമി അശുദ്ധമാകും, അതിനാൽ ഇവരെ സകലരും കാൺകെ നഗരകവാടത്തിൽ മരണംവരെ തൂക്കിലേറ്റുക.''

പകകൊണ്ടു ചുവന്ന മുഖത്തോടെ രാജ്ഞി സിംഹാസനത്തിൽനിന്നെഴുന്നേറ്റു.

വധശിക്ഷ നടപ്പാക്കാൻ രാജാവും രാജ്ഞിയും രാജകീയരഥത്തിലും മൊർദെക്കായിയും സൈന്യാധിപനും സേനാംഗങ്ങളും മറ്റു വാഹനങ്ങളിലും നീങ്ങി. കൈകൾ കെട്ടിയിരുന്ന കുറ്റവാളികളെ പട്ടാളക്കാർ ഉന്തിത്തള്ളി നടത്തി. ആരാച്ചാരന്മാർ പിന്നാലെ നടന്നു.

വധശിക്ഷ നടപ്പാക്കുന്നതു കാണാൻ ജനങ്ങൾ തടിച്ചുകൂടി.

ഈ സമയത്ത് ഭ്രാന്തിയെപ്പോലെ കാറിക്കരഞ്ഞുകൊണ്ടൊരു സ്ത്രീ അതിനിടയിലേക്കു തിക്കിത്തിരക്കി. പക്ഷേ, പട്ടാളക്കാർ അവരെ തൂക്കിയെടുത്തു പുറത്തേക്കിട്ടു.

അവൾ രാജാവിനോടു യാചിച്ചു പറഞ്ഞകൊണ്ടിരുന്നു:

''ശിക്ഷ വിധിക്കപ്പെട്ട എന്റെ മക്കളോടു പൊറുക്കണമേ. ഭാവിയിൽ അവർ ഒരു ഉപദ്രവവും ചെയ്യില്ല.''

എന്നാൽ, ആരും അവളുടെ അർഥന കേട്ടില്ല, ആകരച്ചിൽ ബഹളങ്ങളിൽ മുങ്ങിപ്പോയി.

രാജകല്പന അലംഘനീയമായിരുന്നു ഹാമാന്റെ പത്തു മക്കളും പാർഷൻദാഥാ, ദാൽഫോൻ, അസ്പാഥാ, പൊരാഥാ, അദാലിയ, അരിദാഥാ, അരിദായ്, പാർമാഷ്ത, അരിസായ്, വൈസാഥാ എന്നിവരെല്ലാം തൂക്കിലേറ്റപ്പെട്ടു.

എങ്കിലും പുതുമഴയ്ക്കുശേഷം കാണുന്നപോലെ പേർഷ്യയിൽ അവിടവിടെ യഹൂദവിരോധികളായ കളകൾ മുളച്ചു പൊന്തുന്നുണ്ടായിരുന്നു.

(തുടരും)

Deepanalam Weekly
RNI No : 16998/68
Vol. 57 No. 10 Date of Publication 9 May 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 89-ാം ചരമവാർഷികം

## 2024 മേയ് 23 വ്യാഴം

## പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ



സ്നേഹമുള്ളവരേ,

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 89-ാം ചരമവാർഷികാചരണവും അനുസ്മരണശുശ്രൂഷകളും 2024 മേയ് 14-ാം തീയതി ചൊവ്വാഴ്ചമുതൽ മേയ് 23-ാം തീയതി വ്യാഴാഴ്ചവരെ പാലാ എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ ഭക്തിനിർഭരമായി ആചരിക്കുന്നു.

ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം മനുഷ്യഹൃദയങ്ങളിലേക്കു പകർന്നുനല്കുന്നതിനു ജീവിതം സമർപ്പിച്ച നല്ല ഇടയൻ, 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലായിലും പരിസരപ്രദേശങ്ങളിലും കാരുണ്യത്തിന്റെ നീർച്ചാൽ ഒഴുക്കിയ ദിവ്യകാരുണ്യഭക്തൻ, അനുരഞ്ജനകൂദാശയിലൂടെ ഈശോയിലേക്ക് അനേകരെ അടുപ്പിച്ച തിരുഹൃദയപ്രേഷിതൻ, അനാഥർക്കും ആലംബഹീനർക്കും സാന്ത്വനമേകിയ ആത്മീയ അജപാലകൻ, ഹരിജനോദ്ധാരകൻ, സാമൂഹികപരിഷ്കർത്താവ്, തിരുഹൃദയസന്ന്യാസിനീസമൂഹസ്ഥാപകൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രശോഭിച്ച ഈ ദൈവികമനുഷ്യന്റെ ജീവിതദർശനങ്ങൾ ഈ ദിനങ്ങളിൽ പങ്കുവയ്ക്കപ്പെടുന്നു.



ധന്യൻ മത്തായി അച്ചന്റെ കബറിടം

കഴിഞ്ഞ എൺപത്തിയെട്ടു വർഷമായി ആശ്വാസദായകനായ മത്തായി അച്ചന്റെ കബറിടത്തിങ്കലേക്കുള്ള വിശ്വാസികളുടെ പ്രവാഹം തുടരുന്നു. അനുഗ്രഹവും ആശ്വാസവും നേടി അവർ സംതൃപ്തിയോടെ മടങ്ങുന്നു. അദ്ദേഹത്തിന്റെ പുണ്യജീവിതം നമുക്കു മാതൃകയാകട്ടെ, പ്രചോദനമാകട്ടെ.

ധന്യൻ മത്തായി അച്ചന്റെ ചരമവാർഷികാചരണ തിരുക്കർമ്മങ്ങളിൽ ഭക്ത്യാദരപൂർവ്വം പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ എവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാമെത്രാൻ) | മാർ ജേക്കബ് മുരിക്കൻ (മുൻ സഹായമെത്രാൻ, പാലാ രൂപത) | മോൺ. ഡോ. ജോസഫ് തടത്തിൽ (പ്രോട്ടോ സിഞ്ചെല്ലൂസ് പാലാ രൂപത) | മദർ [illegible] S.H. (സുപ്പീരിയർ ജനറൽ)

റവ. ഡോ. [illegible] CMI (പോസ്റ്റുലേറ്റർ) | സി. [illegible] കടുക്കുന്നേൽ S.H. (പ്രൊവിൻഷ്യൽ സുപ്പീരിയർ) | സി. തെരേസ് കോയിപ്പുറം S.H (വൈസ് പോസ്റ്റുലേറ്റർ) | റവ. ഡോ. ജോസ് കാക്കല്ലിൽ (വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ)

സി. തെരേസ് കോയിപ്പുറം S.H. (വൈസ് പോസ്റ്റുലേറ്റർ)
സി. [illegible] കടുക്കുന്നേൽ S.H. (പ്രൊവിൻഷ്യൽ സുപ്പീരിയർ)

### ചരമവാർഷികത്തിന് ഒരുക്കമായുള്ള തിരുക്കർമ്മങ്ങൾ മേയ് 14 മുതൽ 22 വരെ

**7.30 am. - 12.30 pm. – ദിവ്യകാരുണ്യ ആരാധന, 03.00 pm. വിശുദ്ധ കുർബാന, നവനാൾപ്രാർഥന**

### 6.15 am വിശുദ്ധകുർബാന, നവനാൾപ്രാർഥന

| | |
|---|---|
| മേയ് 14 ചൊവ്വ | : റവ ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ (റിട്ട. പ്രിൻസിപ്പൽ, സെന്റ് തോമസ് കോളജ്, പാലാ) |
| മേയ് 15 ബുധൻ | : വെരി റവ. ഡോ. ജോസ് കാക്കല്ലിൽ (വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ) |
| മേയ് 16 വ്യാഴം | : റവ. ഫാ. ജോർജ് പുല്ലുകാലായിൽ (സെക്രട്ടറി, പാലാ കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി) |
| മേയ് 17 വെള്ളി | : റവ. ഡോ. ജോസഫ് മുകളേപറമ്പിൽ (ജുഡീഷ്യൽ വികാർ, എപ്പാർക്കിയൽ ട്രൈബ്യൂണൽ, പാലാ) |
| മേയ് 18 ശനി | : റവ. ഡോ. ജോസഫ് മുത്തനാട്ട് (പ്രൊക്കുറേറ്റർ, പാലാ രൂപത) |
| മേയ് 19 ഞായർ | : റവ. ഫാ. കുര്യൻ തടത്തിൽ (മാനേജർ, സെന്റ് തോമസ് പ്രസ്, പാലാ) |
| മേയ് 20 തിങ്കൾ | : റവ. ഫാ. ജോർജ് ഒഴുകയിൽ (അസി. വികാർ, കത്തീഡ്രൽ, പാലാ) |
| മേയ് 21 ചൊവ്വ | : റവ. ഫാ. ജോസഫ് വടക്കേടം CMF (സുപ്പീരിയർ, കാരുണ്യഭവൻ, കൊതവറ, വൈക്കം) |
| മേയ് 22 ബുധൻ | : റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകോട്ടയിൽ (അസി. വികാർ, കത്തീഡ്രൽ, പാലാ) |

### 3.00 pm വിശുദ്ധകുർബാന, നവനാൾപ്രാർഥന

| | |
|---|---|
| മേയ് 14 ചൊവ്വ | : മാർ ജേക്കബ് മുരിക്കൻ (പാലാ രൂപത മുൻ സഹായമെത്രാൻ) |
| മേയ് 15 ബുധൻ | : റവ. ഫാ. ജോർജ് കുട്ടുമ്മേൽ (റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി, കുറിച്ചി) |
| മേയ് 16 വ്യാഴം | : മോൺ. പയസ് മലേക്കണ്ടത്തിൽ (വികാരി ജനറാൾ, കോതമംഗലം രൂപത) |
| മേയ് 17 വെള്ളി | : റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ (ഡയറക്ടർ, ലിറ്റർജിക്കൽ കമ്മീഷൻ, കാഞ്ഞിരപ്പള്ളി) |
| മേയ് 18 ശനി | : മോൺ. ജോസ് പ്ലാച്ചിക്കൽ (വികാരി ജനറാൾ, ഇടുക്കി രൂപത) |
| മേയ് 19 ഞായർ | : റവ. ഫാ. മാത്യു കദളിക്കാട്ടിൽ (വികാരി, ക്രിസ്തുരാജ് ചർച്ച്, കണ്ണൂർ) |
| മേയ് 20 തിങ്കൾ | : വെരി റവ. ഡോ. വർക്കി ആറ്റുപുറത്ത് (കോർ എപ്പിസ്കോപ്പ, വികാരി ജനറൽ, മേജർ ആർച്ച് ഡയോസിസ്, തിരുവനന്തപുരം) |
| മേയ് 21 ചൊവ്വ | : മോൺ. ഡോ. ജോസഫ് തടത്തിൽ (പ്രോട്ടോ സിഞ്ചെല്ലൂസ്, പാലാ രൂപത) |
| മേയ് 22 ബുധൻ | : റവ. ഡോ. ജെന്റി മുകളേൽ CMI (വികാരി, സെന്റ് ആന്റണീസ് ചർച്ച്, ഏറ്റം, പുതുപ്പള്ളി) |

ധന്യൻ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യംവഴി അനുഗ്രഹങ്ങൾ ലഭിക്കുന്നവർ

**The Vice Postulator,
S.H. Provincial House, Pala-686 575,
Ph:9449636975,9947625039**

എന്ന വിലാസത്തിൽ ഫോൺനമ്പർ സഹിതം വിശദമായി അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

### 2024 മേയ് 23 വ്യാഴം

| | | |
|---|---|---|
| 10.00 am | : | ആഘോഷമായ സമൂഹബലി |
| മുഖ്യകാർമ്മികൻ | : | മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാമെത്രാൻ) |
| 11.45 am | : | കബറിടത്തിങ്കൽ ചരമവാർഷികപ്രാർത്ഥനകൾ |
| 12.00 noon | : | ശ്രാദ്ധനേർച്ച – വെഞ്ചരിപ്പ് |
| | : | മാർ ജോസഫ് കല്ലറങ്ങാട്ട് |

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org